ബുധൻ	൩	൨൩	൫൫	൮൫	൪	൫	൦	൫൮ വ	൪	൧൬	൪൪	൮൩	൬	൮	൫൨	൧൦൭	൭	൨൨	൪൬	൫൮	൭	൧൬	൫൪	൩൩ വ
വ്യാഴം	൩	൧൬	൧൭	൧൪	൩	൨൩	൧൭	൧൪	൩	൨൯	൫൫	൧൨	൪	൫	൩൧	൧൦	൪	൯	൨൫	൬	൪	൧൧	൧൩	൨
ശുക്രൻ	൨	൨൯	൫൮	൭൩	൪	൭	൫൫	൭൩	൫	൧൬	൧൨	൭൪	൬	൨൪	൨൪	൭൪	൮	൧	൪	൭൩	൯	൬	൨൯	൭൩
ശനി	൮	൧൮	൫൮	൫. വ	൮	൧൭	൧൩	൨ വ	൮	൧൬	൪൯	൧	൮	൧൭	൪൫	൩	൮	൧൯	൪൭	൫	൮	൨൨	൩൪	൭
രാഹു	൧	൧൭	൪൦	൦	൧	൧൬	൧	൦	൧	൧൪	൨൩	൦	൧	൧൨	൪൪	൦	൧	൧൧	൯	൦	൧	൯	൩൬	൦

ഗ്രഹണങ്ങൾ.

ഈ കൊല്ലത്തിൽ രണ്ടു സൂൎയ്യഗ്രഹണവും രണ്ടു ചന്ദ്രഗ്രഹണവും സംഭവിക്കുന്നതിൽ മലയാളത്തിൽ ഒരു സൂൎയ്യഗ്രഹണവും ഒരു ചന്ദ്രഗ്രഹണവും പ്രത്യക്ഷമാകും.

൧. മെയി ൨൨ാം തിയ്യതി (എടവം ൧൦ാം തിയ്യതി ബുധനാഴ്ച രാത്രി ചന്ദ്രഗ്രഹണസംഭവം.

സ്പൎശകാലം രാത്രി	മണി	൩	മിനുട്ടു	൩൪
മദ്ധ്യകാലം	”	൪	”	൨൪
മോക്ഷകാലം	”	൫	”	൩൦
മോചനകാലാനന്തരം സൂൎയ്യോദയത്തിന്നു	”	൬	”	൧൨
ഗ്രഹണം ആദ്യന്തം	”	൭	”	൫൬

ചന്ദ്രമണ്ഡലത്തിൻെറ അഗ്നികോണിൽനിന്നു സ്പൎശനം-ഗ്രഹണമദ്ധ്യകാലം കാൽമണ്ഡലം ഗ്രസിച്ചിരിക്കും. നിരൃതികോണിൽ മോചനം. ഗ്രഹണം ആദ്യന്തം അനിഴം നക്ഷത്രം ഗ്രഹണാവസാനം പുണ്യസമയം.

൨. ജൂൻ ൬ാം തിയ്യതി (എടവം ൨൫) വ്യാഴാഴ്ച ഉദയത്തിന്നു സൂൎയ്യ ഗ്രഹണ സംഭവം.

സ്പൎശകാലം	മണി	൫	മിനുട്ടു	൫൬
മദ്ധ്യകാലം	”	൬	”	൫൯
മോക്ഷകാലം	”	൮	”	൭
ഗ്രഹണം ആദ്യന്തം	”	൨	”	൧൧

നിരൃതികോണിൽ സ്പൎശനം, അഗ്നികോണിൽനിന്നു മോചനം ഗ്രഹണമദ്ധ്യകാലം സൂൎയ്യബിംബം അരെ അരക്കാൽ ഗ്രസിച്ചിരിക്കും, ഗ്രഹണാരംഭം രോഹിണി നക്ഷത്രത്തിൽ മകീൎയ്യത്തിൽ മോചനം, ആരംഭകാലം പുണ്യസമയം.

൩. നവെംബർ ൧൫ാം തിയ്യതി (വൃശ്ചികം ൧ാം തിയ്യതി) പകലുള്ളപ്പോൾ ഒരു ചന്ദ്രഗ്രഹണം സംഭവിക്കും എങ്കിലും അതിനെ ഈ മലയാളത്തിൽ കാണുക ഇല്ല;

൪. നവെംബർ ൩൦ാം തിയ്യതി (വൃശ്ചികം ൧൬ാം തിയ്യതി) രാത്രികാലത്തു ഒരു സൂൎയ്യഗ്രഹണം സംഭവിക്കും എങ്കിലും അതു ഈ മലയാളത്തിൽ പ്രത്യക്ഷമാക ഇല്ല.

ധീരത.

ധീരനായിമുതിൎന്നവൻ രണം ജയിക്കുമെന്ന ശീർ, പാരിൽ മിക്കതും മികച്ച വീരസമ്മതം ദൃഢം ।
പ്രേമമുള്ള ദൈവമുണ്ടിനിക്കവൻ കൃപാബലം, പാരമുണ്ടു പേടി വേണ്ട എന്നുറച്ചു ദുൎമ്മതി ॥
ധീരനായി പ്രസന്നനായി മുതിൎന്നു പാപകൎമ്മണി, ചാടിയാലതിന്നു ലാഭമായ്വരുന്നതെന്തഹൊ ।
മിക്കമാനുഷർ സമസ്തരക്ഷകൻ കൃപാബലം, ദുഷ്കൃതിക്കു മൂടലാക്കി നഷ്ടിപ്പെട്ടുനിൎഭരം ॥
അത്തരം മമാന്തരംഗമൊട്ടുമാചരിക്കൊലാ, ചെറ്റുമില്ലതിന്നുലാഭമുറ്റുണൎന്നു കൊൾക നീ ।
പ്രേമമുണ്ടിനിക്കു ദിവ്യമെന്നുറച്ചു ധീരനായി, ക്ഷേമമെ മുതിൎന്നു പാപമാചരിച്ച മാനുഷൻ ॥
പ്രേമമല്ല കോപമത്ര കൂലിയായി ലഭിച്ചിടും, കേടിതിൽ പരം നിനക്കിലേതുമില്ലപാരിതിൽ ।
പാപമെത്രയും നികൃഷ്ടമില്ല തെല്ലുസംശയം, പാപനാശനൻ കൃപാമതിന്നു മൂടലാക്കിയാൽ ॥
രണ്ടിരട്ടിയായ പാപമാചരിച്ചുപോമിവൻ, തമ്പുരാൻ കൃപാബലം സമസ്തപാപനാശനം ।
പാപകൎമ്മമാചരിച്ച ദേഹദേഹിനാശവും, കൂടലാഭമാക്കിയെന്നു കേട്ടുപോര എന്നിതൊ ॥
കേടകന്നു ദിവ്യസൽകൃപാമതിന്നെടുത്തഹൊ, ഘോരമായ നാശമെന്തിനാവഹിച്ചു നിന്റെ മേൽ ।
ഏവമൊന്നൊഴിച്ചു മറ്റുധീരനായിമുതിൎന്നവൻ, പോർജയിക്കുമെന്ന വാക്കിനിക്കുമിങ്ങു സമ്മതം ॥
ക്രിസ്തുചേകവൻ കരുത്തുവിട്ടു പിന്തിരിക്കിലൊ, മാറ്റലൻ ജയിക്കുമെന്നു ക്രൂക്കിനില്ലിതേഷ്ഷ ഞാൻ ।
ലോകമെ നിണക്കു ധൈൎയ്യമുണ്ടു പോരിനെങ്കിലൊ, ചീറിവാ നമുക്കു തമ്മിലൊന്നുരെച്ചു നോക്കെണം ॥
ലാഭമാകുമെന്നൊരാശയില്ലയെന്നിരിക്കിലൊ, ചേതമാകുമെന്ന ഭീതിയില്ലിനിക്കു നിൎണ്ണയം ।
നീയിനിക്കു വല്ലതും തരാൻ സമൎത്ഥനല്ലകേൾ, ഏതുമെന്നിൽനിന്നു നീയെടുത്തു കൊൾകയില്ലെടൊ ॥
രണ്ടു പക്ഷമെങ്കിലും നമുക്കിരിപ്പതൊക്കവെ, തമ്പുരാന്റെ ദിവ്യദാനമെന്നറിഞ്ഞു കൊൾക നീ ।
ഇഷ്ടമായപോലെ താനെടുക്കയും കൊടുക്കയും, അക്കരത്തിനാവതായതെന്നിനിക്കു നിശ്ചയം ॥
സ്തുത്യമപ്പവിത്രനാമമെപ്പൊഴും നമുക്കതിൽ, ചെറ്റുമില്ല സംശയം സ്തുതിക്കു യോഗ്യനായവൻ ।

അപ്പുറത്തു നില്പതാരൊരുത്തനാദിസൎപ്പമൊ, ദൎപ്പിയായിനമുക്കെതൃത്തു നില്പതിന്നു ചിന്തയൊ॥
വെക്കമിങ്ങുവാ നമുക്കു തമ്മിലും ബലാബലം, തൽക്ഷണം ഗ്രഹിച്ചുപോക തക്ഷകാന്വയാധിപ।
ഊക്കനേററവും ഭവാനതിങ്ങിനിക്കു നിശ്ചയം, പാൎക്ക നിന്നിലേററമൂക്കിനിക്കുമുണ്ടു കണ്ടുകൊൾ॥
ഊക്കനെ ജയിക്കുമൂക്കിരട്ടിയുള്ളവൻ ദൃഢം, മൂൎക്ക്വനായ നീ കയൎത്ത സിംഹമെന്നിരിക്കിലും।
ഋക്ഷശൃംഖലാനിബദ്ധനായ്ക്കിടപ്പുനീയതം, ധൂൎത്തമാനസ മറന്നുപോകവേണ്ട മാനസെ॥
പേടിയില്ലിനിക്കു നിന്റെ ഘോരഗൎജ്ജനാരവെ, പേടമാൻമിഴിക്ക് തുല്യനല്ല ഞാൻ രണാങ്കണെ।
ഉണ്ടു സേനകൾ നിണക്കസംഖ്യമെങ്കിലും രിപൊ, കണ്ടുകൊൾകിനിക്കതിലിരട്ടി സൈന്യമുണ്ടെടൊ॥
ലക്ഷമായിരം പിശാചസൈന്യമിങ്ങെതൃക്കിലും, ചെററുമില്ല ഭീതിമെ നികൃഷ്ടസൈന്യനായക।
ഈച്ചകൾ കണക്കനെ ചുഴന്നവർ വരികിലും, വെട്ടിനീക്കുമെന്റെ കൎത്തനാമവാളിനാലെ ഞാൻ॥
ദുഷ്ടനെങ്കിലും ഭവാനിനിക്കു നഷ്ടലേശവും, പററുമാറു ചെയ്യതിന്നു ശക്തിഹീനനാകയാൽ।
ദുഷ്ടതന്വദീയമെന്തിനിജ്ജനം ഗണിപ്പതു, തച്ഛിരസ്സുടഞ്ഞതോടു പോയി നിന്റെ ശക്തിയും॥
കൌശലം നിനക്കനേകമുണ്ടു നിന്റെ വിദ്യയിൽ, തേറി നീ മുതിൎന്നിനിക്കു നേരിടാനൊരുങ്ങിയൊ।
വീരനായൊരുത്തനുണ്ടവനെ നീയറിയുമൊ, ജ്ഞാനകൊശമായവൻ ത്വദീയകൌശലാന്തകൻ॥
ജ്ഞാനമിങ്ങിനിക്കവൻ ദയാപരന്റെ ദാനമായ്, വാനിൽനിന്നിറങ്ങിവന്നു ചാവിനെ ജയിച്ചവൻ।
ഇത്തരം പിശാചിനോടുരച്ചു നില്ക്കവെ ഭൃശം, മൃത്യുവെ മുതിൎന്നടുത്തു കണ്ടു ക്രിസ്തുചേകവൻ॥
ഹൊ മതെ ഭവാനുമിങ്ങു പോരിനായ്വരുന്നിതൊ, വാ നമുക്കു തമ്മിലും തുടൎന്നു പോർ നടക്കണം।
നിന്നിലെത്ര വാഞ്ഛയുണ്ടെനിക്കു നല്ലമൃത്യുവെ, നിന്നെ ഞാനറിഞ്ഞിടുന്നു നല്ലവണ്ണമോൎക്ക നീ॥
പന്തിഭോജനത്തിനായിരുത്തുമേഷനിന്നെ ഞാൻ, അന്തിയോളവും നമുക്കു തമ്മിലുണ്ടു സംഗതി।
ശയ്യമേൽ ശയിക്ക മത്സഖെ ഭവാന്മയാസമം, പൊയ്യുരക്കയല്ലമെ നടക്ക പുഷ്പവാടിയിൽ॥
ഞാൻ തനിച്ചിരിക്കവെ ഭവാനുമായൊരോതരമാന്തരങ്ങൾ പേശുമെന്നു സ്വാന്തബോധമല്ലയൊ।

നിത്യവും മരിക്കയെന്നിനിക്കു ശീലമാകയാൽ, എത്രയും പരിചയം നമുക്കു തമ്മിലുണ്ടെടൊ ||

ദോഷലേശമിങ്ങിനിക്കു നീ പിണെക്കയില്ലകേൾ, പേർ നിണക്കു തിക്തമെന്നു കേൾവിയുണ്ടു പാരിതിൽ |

ഞാൻ നിനക്കു പേർ സദാ വിളിപ്പതൊ മധുരമെ,ന്നാമയം വിനാ ശ്രവിച്ചു കൊൾക മെ ശിരം ഭവാൻ ||

ഭൂതലെ ഭവാനതീവഭീഷണൻ ഭയങ്കരൻ, പേരിദം നിനക്കു പാരിൽ രൂഢമായതെങ്കിലും |

ഞാൻ നിനക്കു സുന്ദരൻ മനോഹരൻ ശുഭാംശനെ,ന്നേവമാദിയായ പേർ വിളിച്ചു നില്പതിങ്ങെടൊ ||

വേണ്ട വേണ്ട എന്നു നിന്നെ ഏവരും വെറുക്കിലും, വേണമെന്നു നിന്നിലാശ പാരമുണ്ടിനിക്കെടൊ |

പോക പോകയെന്നു നിന്നെ ഏവരും ത്യജിക്കിലും, വാ സഖെ വരികയെന്നു ഞാൻ കഥിക്കുമെപ്പൊഴും ||

മൃത്യുവെന്ന പേർ നിണക്കു മൎത്ത്യസംഘമേകുകിൽ, നിത്യമേഷ ഞാൻ ഭവാനു ജീവനെന്ന പേരിടും |

ആരെയും വിടാതനിന്നൊടെന്തിനിജ്ജനം വൃഥാ, താണു വീണുമാംവിടേണമെന്നു കേണിരിപ്പതു ||

ഏതു നീ എടുക്കുമെന്നിൽനിന്നു യുദ്ധചത്വരെ, എന്റെ ജീവനെങ്കിലൊ സുഖേന വന്നെടുത്തുകൊൾ |

എത്രനല്ല ജീവനുണ്ടിനിക്കിരിപ്പതെങ്കിലും അത്രയും പ്രയാസവും നികൃഷ്ടവും നിനക്കു നീ ||

പിന്നെ എന്തു നീയെടുക്കുമെന്റെ ദേഹമൊ സഖെ, നന്നു നന്നെടുത്തുകൊൾക നന്ദി കാട്ടുമേഷ ഞാൻ |

അത്യനിഷ്ടപാത്രമിശ്ശരീരമെന്നിൽനിന്നു നീ, സത്വരം പറിച്ചെടുക്കിലെത്ര നല്ല കാൎയ്യമായ് ||

ഉററഭാൎയ്യ പെററമക്കളുററവരുടയവർ, ഇപ്രകാരമുള്ളവരിൽനിന്നു നീ പറിച്ചുമാം |

കൊണ്ടുപോകുമെങ്കിലുമവൎക്കു നീ വരുത്തിയ, തെന്തുനഷ്ടമുണ്ടവൎക്കു ദൈവമിങ്ങു സൽപിതാ ||

നിന്റെ കൂടെ ഞാൻ വരുന്നതെത്രയും പ്രയോജനം, തെണ്ടലിങ്ങൊഴിഞ്ഞു സ്വസ്ഥവൃത്തി നല്ലലാഭമാം |

ദുഃഖമൊക്കെയിങ്ങൊഴിഞ്ഞു സൌഖ്യമങ്ങു സുസ്ഥിരം, മൃത്യുവെ ഇനിക്കു നീ സമസ്തലാഭലാഭമാം ||

ധൈൎയ്യവാരിരാശിക്രിസ്തുചേകവന്റെ ശീരിതു, വീറിനോടു കേട്ടു മൃത്യുചോദ്യമേവമൂചിവാൻ |

ദൈവമായവൻ നിണക്കെന്തുത്തു വന്നിതെങ്കിലൊ, വൈഭവം നിനക്കിവണ്ണമപ്പൊഴും ഭവിക്കുമൊ ||

സംശയം വിനാ ഭവിക്കുമിങ്ങിനിക്കു തൽക്ഷണം, തമ്പുരാൻ വരുന്നതെത്ര നല്ല സൽഫലം മമ |

ദൈവമെ ഭയാകര ഭയപ്പെടുത്തുകില്ലനീ, കോപഭാവമാനനെ കളത്ത ചിത്തമന്തരെ ||
സിംഹമെന്നപോലെ നീ പുറത്തിനിക്കു കാണ്കിലും, ശങ്കയില്ലതാതഭാവമുള്ളിലുണ്ട നിർണ്ണയം |
ആദ്രഭാവമുള്ളിലങ്ങടക്കി വെച്ചുകൊണ്ടു നീ, രൌദ്രനാദമിട്ടുമാം ഭയപ്പെടുത്തുമെങ്കിലും ||
ചെററുകണ്ണുനീർ ഭവാൻെറ മുമ്പിൽ ഞാനൊഴിക്കയിൽ, തൽക്ഷണമതും കണക്കുവെച്ചുകൊള്ളുമുള്ളിൽ നീ |
ഖിന്നനായ പൈതലോടു ചെന്നടുത്തു നീയവൻ, തൻമുഖത്തു ചുംബനം കൊടുത്തു ഭാഗ്യമേകുവോൻ ||
നാഥ താത നീയനുഗ്രഹിച്ചൊഴിഞ്ഞു നിന്നെ ഞാൻ, ലേശവും വിടാ പവിത്ര പാഹി പാഹി മാം വിഭൊ |

ഒരു പാലമില്ല.

പാപമിളെച്ചു കിട്ടാത പാപിയെ പാരമനുതപിക്ക, പാതാളമുണ്ടു മരിച്ചതിൽ പിന്നെ വാനുലകിൻ വഴിയിൽ |
ഭൂമിയിലുള്ള നദികൾക്കു ചില പാലങ്ങളുണ്ടെങ്കിലും, ഭൂതമായില്ല പാതാളത്തിന്നൊരു പാലമൊരുവനാലും ||
പാപത്തിൽ വീണു മരിച്ചവൻ കിടക്കുന്ന പാതാളത്തിങ്കൽ, പോകയുമില്ലൊരു ദൈവദൂതനുമായവനു തുണപ്പാൻ |
ഭൂമിയിലിങ്ങിവനായ നാളിവർ പാപവിമോചനത്തെ, യേശുവിൽനിന്നു കൈക്കൊൾവതിന്നാവോളവും തുണച്ചാർ ||
ഘോഷണചാതുര പാരമുള്ളൊരു ബോധകനങ്ങു ചെന്നു, ഘോഷിച്ചു തത്ര വീണൊരു പാപിക്കുബോധം വരുത്തിക്കൂട |
മംഗലവാൎത്തയെ ഘോഷിക്കുന്നവരിമ്മഹീമണ്ഡലത്തിൽ, എണ്ണമില്ലാതോളം പാപികൾക്കഹൊ പുണ്യഗതിവരുത്തി ||
അങ്ങുപോയ്നാരകം തന്നിൽ വീണവൎക്കപ്പുറം ഘോഷകന്മാർ, ചെന്നു സൌവാൎത്തികഘോഷണത്തിന്നു സമ്മതരെന്നുവരാ |
കേളെടൊ പാപിയെ ഞാൻ പറയുന്നതാകുലമെന്നിയെ നീ, നേരമിനിക്കിന്നു കിട്ടി നിന്നോടു നേരറിയിച്ചു കൊൾവാൻ ||
നാളനീ പക്ഷെ മരിക്കുമപ്പുറന്നാരകം തന്നിൽ വീഴും, വീറോടവിടെ ഞാൻ വന്നു നിന്നോടിതോതുകയില്ലറിക |
ഇങ്ങിനിയുററവരിൽ നിണക്കുണ്മയിൽ നന്മചെയ്യാനിങ്ങുളരെങ്കിലവരോരൊതരമങ്ങിനെ ചെയ്യുന്നതും ||
നിന്നോടുകൂടവരാ പുനരിവിടന്നു നീ പോകും വിധൌ, ചെന്നുനീ ലാജർ കിടന്ന വീട്ടിൻെറ പുംഗവനെപ്പററിക്ക |
ഗൎഭത്തിൽനിന്നെച്ചുമന്നവൾ ദൈവവിശ്വാസമുള്ളവളായി, അൎഭകനാം നിണക്കെത്രയൊ പലബുദ്ധി പറഞ്ഞുതന്നു ||
മൃത്യുവിങ്കയ്യിൽനിന്നുദ്ധരിക്കുന്ന രക്ഷകനോടണഞ്ഞു, എത്രയൊ വട്ടം നിണക്കുവേണ്ടി പ്രാൎത്ഥനയോടെ ഇരന്നു |

ചിത്തമലിഞ്ഞവൾ ചൊന്നവാക്കുകൾ മിക്കതും ശാസനകൾ, ചിത്തെ കരുതിനീ സഞ്ചരിപ്പതിന്നിപ്പൊഴതെ സമയം ||

ചത്തതിൽ പിന്നെയൊരുകുറി പുനരഗ്ഗിരം കേട്ടുകൊൾവാൻ, ചിത്തത്തിലാഗ്രഹിക്കേണ്ട നീയതു സിദ്ധിക്കയില്ലൊരിക്കൽ |

മോചനം പാപത്തിൽനിന്നു പ്രാപിച്ചു പൂതനായ്ത്തീരുമ്മുമ്പെ, പ്രേതമായാൽ നിന്റെ ബന്ധുക്കളതി പാവനന്മാരായവർ ||

പ്രേമം നിറഞ്ഞവർ നിന്നിലെങ്കിലുമായവൎക്കൊന്നുകൊണ്ടും, സാധിക്കയില്ല നിന്നോടു സംഗതിദൂരത്തുപോയിടെണം |

ആയുസ്സുഭൂമിയിലുള്ളനാൾ നിജശ്രെയസ്സനുഭവിച്ചു, ദാഹിച്ചു കേണവനബ്രഹാമിനൊടായതുമോൎത്തുകൊൾക ||

പാപത്തിൽ നീ മരിച്ചങ്ങു പോയ് ബഹുവേദനപൂൎണ്ണമന്നാൾ, സ്നേഹം നിറഞ്ഞ നിന്നമ്മതൻ മിഴിയേകദാ നിന്നെ നോക്കി |

ലേശവും നീർ ചൊരിഞ്ഞിടുമെന്നു നീ ചേതസി ചിന്തിക്കൊലാ, ദേഹമൊഴിഞ്ഞു പോകുന്നതിന്മുന്നമേശു നീ യേശുപദം ||

നല്ലവൻ ദേവപ്രിയനൊരുമകനിങ്ങു നിനക്കിരുന്നാൽ, മന്നിടം വിട്ടു പോയാലൊരുകുറി നിന്നോടവനണയാ |

രക്ഷകനെത്തിരകെന്നു നിന്നുടെ പെററവളെപ്പൊഴതും, നിൎബ്ബന്ധമോതുകിലായതുമിനിച്ചെററുനേരമിരിക്കും ||

ചത്തുപിരിഞ്ഞു പോകെണമപ്പുറം സത്വരം നിങ്ങളെങ്കിൽ, ചിത്തെ കൊതിപെരുക നിനക്കവളുററവാക്കൊന്നു കേൾപ്പാൻ |

സത്യവിശ്വാസികളായ സജ്ജനമുത്തമമോക്ഷപദം, മററുള്ളവൎക്കുളവാകുവാൻ ക്രൂടയെത്ര അദ്ധ്വാനിക്കെണം ||

പാപികളെത്ര നശിച്ചുപോകുന്നു കാലവും പൊയ്പ്പോകുന്നു, കാലമില്ലിപ്പോളുറങ്ങുവാനിനി വേഗമുണൎന്നീടുക |

പരലോക വഴിപ്പാലം.

നിരയത്തിലകപ്പെട്ടു നരജാതിയൊരുവനതു വിട്ടു ശുഭലോകം ഗമിപ്പതില്ലൊരിക്കൽ |

അതിരററു വളവുററ നരകത്തിന്നടുവിൽ പിടിപെട്ടാലതിനില്ലൊരറുതിനാളിനിമേൽ ||

നിജപാപഗുണം പാപിക്കിതിനുവേർ നിയതം, തടവായതിവനു തൻപ്രകൃതിയെന്നറിക |

കുടിയൻ തൻകുടിമോഹം കളയാതെ മുടിഞ്ഞു പരലോകമണയുമ്പോളതു തന്റെ പ്രകൃതി ||

പരലോകമധുപാനമൊരുനാളും ലഭിയാഞ്ഞതുമൂലമിവനുള്ളിലലംഭാവമണയാ |

ചിലദിക്കിന്നുറവിൽനിന്നുളവായ ജലത്തിലൊരു വസ്തു പതിച്ചാലക്ഷണം കല്ലായ്ച്ചമയും ||

അതുപോലെ മനുഷ്യന്മാർ മരിക്കുന്ന സമയം നിനവെന്തൊന്നതു തന്നെ പരലോകത്തനിശം |

ഇതു മൂലമൊരു ചോരൻ പരകാനാൻതെരുവിലൊരു പൊതുനടപ്പാനായുചിതമായ്തു
  രുമൊ॥
വഷളായ വചനവും നടപ്പുംകൊണ്ടവിടമൊരുലേശം വഷളാക്കാൻ നിമിഷവും വ
  ഹിയാ।
ഇനി രണ്ടാമൊരുതടവിതു കേൾക്ക കഠിനം നരകത്തിലടപ്പാനുള്ളൊരു വാതിൽക്ക
  തകു॥
ജഗദീശനരുളിയ പരധൎമ്മത്യജനെ നിജശാപമയി പാപി നിന നെഞ്ചിലനിശം।
കഠിനമായിനിയൊരു കതകുണ്ടു പറവാനിതു നീതിപരമൻറതൊരുനാളുമൊഴിയാ॥
പരനീതിയൊഴിയാതെയൊരുനാളും നരകെ പതിതന്മാരതു വിട്ടുപിരിവാനുമരുതു॥
നിരയത്തോടണയാതെ ശുഭലോകമെളുതായി കരയേറാനൊരു പാലമിവിടെയുണ്ടിതു
  കടന്നു॥
മമ പാപന്തവ പാപമഖിലമാനുഷന്മാർ കലുഷവൃന്തിരുമെയ്യിൽ ചുമന്നങ്ങു മരത്തിൽ।
കലയാളൻ മരിക്കുന്ന വിധമങ്ങുമരിച്ചു കഴിതന്നിലടപെട്ട പരിശുദ്ധപുരുഷൻ॥
തിരുനാമമിതു പാലമഖിലേശരചിതമിതിനെ നീ വെറുത്തെങ്കിൽ നരകെ നിൻ ശ
  യനം।
ജലമെല്ലാമിരിപ്പൊരു കടലെന്നകണക്കെ കൃപയെല്ലാമിരിക്കുന്നിത്തിരുനാമക്കടലിൽ॥
വെറുതെ നീയിതു നിന്ദിച്ചകലെ പോയ്ക്കളകിൽ നരകത്തിലിതിനാലുമൊരു ലേശം ഫ
  ലിയാ।
പെരുതുന്ന ജയവീരനയി നിന്നൊടനിശം മതികെട്ട കരുടൻ നീയതു ചെററുമ
  റിയാ॥
മനസ്സാക്ഷയവൻ നിൻറതൊരു കത്തികണക്കെ കരത്തിൽ താനെടുത്തെറക്കുമപ്പൃനി
  ന്മനസ്സിൽ।
നരകത്തിലകപ്പെട്ടാലവിടെ നിന്നരികെ പരിശുദ്ധപുരുഷൻ ചെററണയാതു നി
  യതം॥
ഇവിടെനിന്നവനാലെ ശുഭലോകമണയാമിവനല്ലൊ പരലോകവഴിപ്പാലം നമുക്കു।
ചതിപെട്ട മതിവിട്ടു കരുതിക്കൊള്ളിതു നീ മതികെട്ടൊരിതു വിട്ടു നരകത്തീവിറകാം॥

ഒർ ഉപദേശം.

പാപമോചനമാക്കു ലഭിച്ചതു പാരമാഘോഷിച്ചാൎത്തുകൊണ്ടാടുവിൻ!।
പാവനമഹൊ നിങ്ങൾ മേവുന്നതു പാപനാശനൻ പാൎക്കുന്ന മന്ദിരം॥
ഏവനും നരകത്തിങ്കൽനിന്നങ്ങു ചേരുവാനരുതേതുമതു പോലെ।
ഏതു നാരകവസ്തുവുമസ്ഥലം ചേരുകില്ലതു മൂലം പുകഴ്ത്തുക॥
പാപത്തിൽനിന്നും പാപികൾ മൂലവും ദോഷലേശവുമേശാശുഭലോകെ।
ചാരുശോഭയാ നിത്യ സമാധാനം വാഴകെന്നതിലോട്ടുക മുന്നിട്ടു॥
കേളെടൊ പാപി കേണീടണം നീ താനേതു വസ്തുവും വാനത്തിൽ നിന്നങ്ങു।
ചേരുകില്ല നരകെ നിണക്കതു മൂലമെത്ര ഞരക്കമുണ്ടാമയ്യൊ॥

എല്ലാവരോടും എപ്പോഴും നന്മയെ പിന്തുടൎന്നു
കൊൾവിൻ. ൧. തെസ്സ. ൫, ൧൫.

ദാഹംകൊണ്ടു വറണ്ട നിൻ നാവിന്മേൽ വീഴകില്ലൊരു തുള്ളിവെള്ളം പോലും ।
ശാന്തത ചെറുതില്ല വിശ്രാന്തിയും കിഞ്ചന നരകത്തിങ്കലില്ലല്ലൊ ॥
ചെററുനേര മുറക്കമില്ലസ്ഥലെ നിത്യമുണ്ടു കടുങ്കോപക്കാററുകൾ ।
കഷ്ടമങ്ങുള്ള പാവകജ്വാലകൾ ചെററുനേരം തണിഞ്ഞു പോകില്ലയ്യൊ ॥
കത്തിക്കാളുന്ന ഗന്ധകത്തീപ്പുകപെട്ടു കണ്മൂക്കു പൊത്തിയാലാകുമൊ ।
ച്ചുട്ടെരി വിഷപ്പല്ലുകളേല്പിച്ചു നിഷ്ഠുരം കിടക്കുന്ന കൃമികുലം ॥
ഒട്ടൊഴിയാതടിമുടിയോളവും പററിച്ചുററിപ്പിരിയാതിരിക്കുന്നു ।
രക്ഷകന്തിരു മുൾകിരീടത്തെ നീ ധിക്കരിച്ചതിന്മൂലമിതു വരും ॥
ഗച്ഛ മനയിൽ ദുഃഖിച്ചതേതും നീ ചെററു ചിന്ത ചെയ്യാഞ്ഞതു കാരണം ।
അല്പവും മനതാരിലൊരു സുഖം ചെററനുഭവമാകയുമില്ലഹൊ ॥
ഇമ്പമായൊരു സംഭാഷണം നിൻെറ തമ്പുരാനുമായുണ്ടാകയില്ലങ്ങു ।
കണ്ണുനീരും മുറവിളി പ്രാൎത്ഥനാപൊങ്ങുമെന്നാലവൻ കേൾക്കയില്ലല്ലൊ ॥
നിന്ദിതമവിടത്തെ നിലവിളി ധന്യനായകൻ കേട്ടു വെറുത്തു പൊം ।
ഇന്നിതെല്ലാം നിനച്ചു നിന്മാനസം ഛിന്നഭിന്നമായ്വന്നാൽ ഹിതം വരും ॥

ഇന്നുള്ള മനുഷ്യരെ നിങ്ങളിലാരെങ്കിലും ।
തന്മനോ മാററംകൊണ്ടു നന്നായിവന്നില്ലെങ്കിൽ ॥
അങ്ങിനേയുള്ള നിങ്ങളുള്ളുണരേണമെൻെറ ।
ഉള്ളഴന്നഴന്നു ഞാനുണ്ടേതാൻ ചോദിക്കുന്നു ॥
നിങ്ങളിൽ ചിലർ പക്ഷേ മററുള്ള മനുഷ്യൎക്കും ।
സമ്മതന്മാരാം സുവൃത്തന്മാരെന്നിരിക്കിലും ॥
തമ്പുരാന്തിരുഭയന്നെഞ്ചകമണിയാതെ ।
തന്തിരുമകൻ രാജ്യചെങ്കോലും ചുംബിക്കാതെ ॥
സഞ്ചരിപ്പതിന്മൂലമെന്തെന്നു പറഞ്ഞാലും ।
സംശയം നരകമുണ്ടെന്നതിലെ താനുണ്ടൊ ॥
ഏതുമില്ലതിലൊരു സംശയമൊരുനാളും ।
ചേതസി ഞങ്ങൾക്കെന്നു കേചന പറയുന്നു ॥
എങ്കിലൊ നാശവഴി എന്തു പൊലുപേക്ഷിച്ചു ।
ചന്തമായ്ജീവമാൎഗ്ഗം പിന്തുടരായ്വാൻ മൂലം ॥
ത്രാണകാരകനായ യേശുവോടണയാതെ ।
ലൌകികം പ്രമാണിച്ചു നടന്നാൽ മതിയാമോ ॥
ശ്രേഷ്ഠന്മാരല്ലൊ ഞങ്ങളെങ്ങിനെ ചെയ്യാമിതു ।
സൽഗ്ഗുണം ഞങ്ങൾക്കുള്ളതൊട്ടേറ മതിയാകും ॥
എന്തിനു ഞങ്ങൾക്കൊരു രക്ഷിതാവെന്നു നിങ്ങൾ ।
ചിന്തിച്ചൊ സമയത്തെ കഴിക്കുന്നയ്യൊ കഷ്ടം ॥
സൽകുലമാഹാത്മ്യവും സൽഗ്ഗുണസമൂഹവും ।
കുപ്പക്കുന്നെന്നു വെടിഞ്ഞീടുവിനകലവെ ॥
പാപികളെന്ന പോലെ യേശുവോടണയുവിൻ ।
ഘാതകന്മാരെ നിങ്ങൾക്കായവൻ മരിച്ചതു ॥

യേശുനായക മമ പാപകാരണാൽ ഭവാൻ।
ശാപദാരുവിലേറി മരിച്ചെന്നറിഞ്ഞു ഞാൻ॥
തൃക്കണ്ണാലെന്നെ രക്ഷിക്കേണമെ കൃപാനിധെ।
തൃക്കഴലിണ നിത്യമുൾക്കാമ്പിൽ കരുതുന്നേൻ॥
തൽക്ഷണമേവം പ്രാൎത്ഥിച്ചീടുവിൻ മടിയാതെ।
അത്ര രക്ഷകനെതു പാപിക്കും വരാമിപ്പോൾ॥
എന്തിനു സ്വൎഗ്ഗദ്വാരം തുറന്ന സമയത്തു।
ചിന്ത കൂടാതെ ദൂരത്തഞ്ചി നില്ക്കുന്നു നിങ്ങൾ॥
ബാലകന്മാരെ നിങ്ങൾക്കെന്തഭിപ്രായം ചൊല്വിൻ।
പാലനം വേണമെന്നൊ നാശത്തിൽപോക എന്നൊ॥
വാൎദ്ധക്യഗ്രസ്തന്മാരെ നിങ്ങൾക്കെന്തഭിപ്രായം।
മൃത്യുവന്നണഞ്ഞതിൻ ലക്ഷണം തലനര॥
രക്ഷകന്തന്നിൽ നിങ്ങൾ വിശ്വസിക്കയൊ പക്ഷെ।
വ്യൎത്ഥമായ്ക്കാലക്ഷേപം കഴിച്ചെന്നായീടുമൊ॥
കരുണാകര തവ പരിശുദ്ധാത്മാവിനെ।
പരിചൊടിവരുടെ ഹൃദയെ നിയോഗിച്ചു॥
യേശുവോടണയേണമാശു ഞാനെന്നു ബോധിച്ചെ।
കൈക്കനിത നാഥ വരുന്നെന്നറിയിപ്പാൻ॥
ഏകേണമനുഗ്രഹമേകനായക വിഭൊ!।
വെറൊരു തുണയില്ല ഭൂതലത്തിങ്കൽ നാഥ॥

ഉത്തമ പ്രതിഭൂത്വം.

ഉണ്ടു സിറക്കൊസ്സെന്നഭിധാനം, പൂണ്ടൊരു നഗരി സിസ്സിലിദ്വീപിൽ।
ഉണ്ടായിതു യവനാവനിപതിയായ്, പണ്ടന്നഗരിയിലൊരു നരപാലൻ॥
ചെണ്ടക്കാരൻ ദാന്യൂസ്സിതി ചൊൽകൊണ്ടുള്ളവനവനകരുണനധികം।
കിണ്ടം പ്രജകൾക്കനവധിനല്കിക്കൊണ്ടു ധനൌഘം കൈവശമാക്കി॥
ട്ടുണ്ടു കുടിച്ചു ഞെളിച്ചു പുളച്ചുകതണ്ടു കളിത്തു രമിച്ചു മദിച്ചും।
കൊണ്ടവനിണ്ടലകന്നരമനയിൽ കണ്ടോരു ഭോഗേന വസിച്ചാൻ॥
അക്കാലത്തപ്പൌരജനങ്ങളിൽ വിഖ്യാതൻ മൊറാസ്സെന്നൊരുവൻ।
കൎക്കശനായൊരു നൃപനെക്കൊണ്ടതി, ദുഃഖിതരാകും പ്രജകടെ ദുഃഖം॥
വെക്കം പോക്കണമെന്നൊൎത്തിതിനായ് തക്കം നോക്കിക്കൊണ്ടൊരു ദിവസം।
ശസ്ത്രം നിശിതമെടുത്തതു തന്നുടെ, വസ്ത്രത്തിന്നകമെ മറചെയ്തു॥
വിത്രസ്തതയൊടു മക്ഷിതിപതിയുടെ, വസ്തുത്തെ പ്രാപിച്ചിതു ശീഘ്രം।
പടുതകലന്നൊരു കാവല്ക്കാരതു, വടിവൊടറിഞ്ഞവനെ പിടിപെട്ടു॥
തടിവടിയേന്തിച്ചൊടിയൊടുമപ്പോൾ, പൊടുപൊടയുടനുടനടിയിടി കൂട്ടി।
കടിലത പെരുകിയ നൃപനുടെ സവിധെ, ഝടിതി പിടിച്ചവനെക്കൊണ്ടുന്നു॥
കോപാകലനായപ്പോളവനൊടു, ഭൂപാലകനിതി ചോദ്യം ചെയ്യാൻ।

ആയുധമെന്തിനു കൊണ്ടുന്നതു നീ, മായമൊടാരെ വധിപ്പാൻ ഭാവം ||
നേരെ കഥിച്ചീടുക കമതെ നീ, ചേരാ നമ്മൊടു കൈതവമേതും |
ഗീരിതി കെട്ടതിനുത്തരമായതി, ധീരതയോടുമുരെച്ചിതു മൊറാസ് ||
ക്രൂരനരാധിപ പീഡിതരാകിയ, പൌരജനങ്ങടെ ദുഃഖം പോക്കി |
സ്വൈരമവൎക്കു വരുത്തേണ്ടതിനക്താരിൽ നിനച്ചു പുറപ്പെട്ടേൻ ഞാൻ ||
കൎണ്ണകഠോരം ഭാഷിതമിദമാകൎണ്യ മഹാക്രുധ പൂണ്ടു നരേന്ദ്രൻ |
തന്നെത്തന്നെ മറന്നഥ തന്നുടെ, കണ്ണുകളൊന്നു ചുഴററിമിഴിച്ചു ||
തൻനികടസ്ഥിതഭൃത്യജനത്തൊടു മന്ദേതരമുൽസ്സിച്ചുര ചെയ്യാൻ |
അത്യയമന്തികതമമിവനതിനാൽ ഇത്തരമുത്തുളിരകമെ തോന്നി ||
മൃത്യുപ്രേരിതനായ് നിജനായക, ഹത്യാൎത്ഥം കുതുകേന മുതിൎന്നൊരു |
നിസ്ത്രപനാമിശ്ശത്രുവെ വേഗാൽ, നിഷ്കരുണം കുല ചെയ്യിൻ നിങ്ങൾ ||
സ്വാമിദ്രോഹം ചെയ്യും പുരുഷൻ, ഭൂമൌ ജീവിച്ചീടരുതെന്നും |
ആമയമിഹപരലോകം രണ്ടിലുമാമനുജന്നു വരേണം നൂനം ||
ഭൂമിപനിങ്ങിനെ ചൊന്നതു കേട്ടു താമസഹീനമമാത്യാദി ജനം |
ചീററത്തോടും മൊറാസ്സെക്കുഴവേററി വധിപ്പാനായി മുതിൎന്നാർ ||
തെററന്നപ്പോൾ വിനയാനതനായ് പററലനാം നൃപനോടവനൂചെ: |
വസുധാവല്ലഭ തെല്ലുമിനിക്കിനിയസുധാരണമതിലില്ലൊരു കാംക്ഷ ||
മരണത്തിന്നായ് സന്നദ്ധൻ ഞാൻ, മരണെ മടിവും ഭയവും ന ഹി മെ |
തരുണീമണിയാം മമ സോദരിയുടെ, പരിണയമുണ്ടിതടുത്ത ദിനത്തിൽ ||
തരണമതിന്നു ഗമിപ്പാനനുമതി, മരണം പിന്നെ വരുത്തുക കൃപയാ |
മുപ്പകലും മൂന്നിരവും ചെന്നാൽ തപ്പാതിവിടെ മടങ്ങി വരും ഞാൻ ||
അത്രോടം മൽപ്രാണപ്രിയനാം മിത്രത്തെ പ്രതിഭൂവാക്കീടാം |
ത്രിദിനാനന്തരമഹമെത്താഞ്ഞിൽ നിധനമവന്നു വരുത്തുക നൃപതെ ||
ഇതി തൽഗദിതം കേട്ടവനീന്ദ്രൻ, സ്മിതപൂൎവ്വകമവനോടുര ചെയ്യാൻ |
മൂന്നുദിനം ഞാനനുമതിനല്കാം, മൂന്നാം ദിവസം തീൎന്നാൽ പിന്നെ ||
പോന്നിവിടെക്കു വരാഞ്ഞിൽ തവ സഖി, നിന്നുടെ മരണം വരണം ചെയ്യും |
നിൎണ്ണയമഥ നിൻപ്രാണവിനാശം, വന്നീടാനിരവഗ്രഹനാം നീ ||
മന്നവനുടെ മൊഴിയിങ്ങിനെ കേട്ടു, മന്ദേതരമവനും നടകൊണ്ടു |
ഖിന്നതയോടും തന്നുടെ സഖിതൻ മന്ദിരമുൾപുക്കവനെക്കണ്ടു ||
ചൊന്നാനവനൊടു പ്രിയസഖസുമതെ വന്നിതിനിക്കൊരബദ്ധമിദാനീം |
ദുൎന്നയമേറിയ നമ്മുടെ നൃപനെ, കൊന്നീടേണ്ടതിനായുധമോടും ||
ചെന്നെനവിടെക്കതു ബോധിച്ചിട്ടന്നരപാലകനെന്നെ കൊല്ലാൻ |
ഖണ്ഡിതമായിട്ടാജ്ഞാപിച്ചാനെന്നെ കഷ്ടമിതെന്നെ വേണ്ടു ||
സുന്ദരിയാകിയ നമ്മുടെ സോദരി തന്നുടെ പരിണയമതിനു ഗമിപ്പാൻ |
നിന്നെ പ്രതിഭൂവാക്കുകമൂലം തന്നിതു മൂന്നു ദിനത്തേക്കഭയം ||
വേളിമുഹൂൎത്തം തീൎന്നാൽ പിന്നെ നാലാന്നാളാഗമനം ചെയ്യൂ |
ഛാലവെ ഞാൻ തവബന്ധമഴിക്കും കാലത്തോളം മൽപ്രതിഭൂവായ് ||
ക്രൂരനരേന്ദ്രൻ തന്നുടെ കാരാഗാരമതിൽ നീ പാൎക്ക മഹാത്മൻ |
വാക്യമിവണ്ണം കേട്ടു വയസ്യൻ ശോകമിയന്നസ്സഖിയെ തഴുകി ||

യാത്ര പറഞ്ഞു വിരഞ്ഞു നടന്നപ്പാൎത്ഥിവ വശമേല്പിച്ചിതു തന്നെ।
മോദസമേതം മൊറാസ്സും പോയ് സോദരി തന്റെ വിവാഹമഹത്തെ॥
ഘോഷത്തോടെ കഴിച്ചഥ മൂന്നാം വാസരമതിലരുണോദയമാമ്പോൾ।
അക്ഷി തുടച്ചെഴുനീററു നടന്നൊരു കാൽക്ഷണമെങ്ങും താമസിയാതെ॥
തത്സമയം ചെന്നെത്തുവതിന്നായുത്സാഹത്തൊടു പോകും സമയെ।
ഇടതടവെന്യെപെരുമഴയുണ്ടായുടനുടനുഴറിയടിച്ചിതു കാററും॥
പൊടിയുടെ പടലം കാണാതായന്നിടിയുടെ കടകടനിദനം കേളായ്।
വടിവൊടു മുകിൽകൊണ്ടുലക മറഞ്ഞു തുടുതുടമിന്നൽ പിണരുമെറിഞ്ഞു॥
തരുഗണമിടയിടെ പൊട്ടി മറിഞ്ഞു പെരുവഴിപോക്കിനു മുട്ടു ചമഞ്ഞു।
സരിദധിപോൎമ്മികളുയരപ്പൊങ്ങി പരിധീരധ്വനി പൂണ്ടു മുഴങ്ങി॥
ഗിരിധരമുരുതരബലമൊടുമൊഴുകി സരിദുദകംകരകവിയപ്പെരുകി।
മൊറാസ്സിന്നതു കാരണമായ്പഥി പാരം കഷ്ടം വന്നുളവായി॥
ഉണ്ടപ്പെരുവഴിമദ്ധ്യെ പെരുതായ് നീണ്ടു കിടന്നീടുന്നൊരു തടിനി।
അപ്പുഴയെ തരണം ചെയ്യതിനായ് കേല്പൊടവൻ വന്നണയുന്നേരം॥
നീരോട്ടത്താൽ നദിയുടെ പാലം നേരെ പൊട്ടി മുറിഞ്ഞതു കാണായ്।
നേരം കുറയച്ചെന്നപ്പോൾ നദി പാരാവാരംപോൽ വലുതായി॥
കഷ്ടം പുഴയുടെ തരണം ചെയ്വാൻ കാഷ്ഠാദിക സാധനവും നാസ്തി।
പുഷ്ടക്ലേശമൊടതിനാലവനും പൊട്ടിക്കേണുധരിത്രിയിൽ വീണു॥
മുട്ടുകളൂന്നിക്കൊണ്ടഥഭക്ത്യാപെട്ടന്നിങ്ങിനെയൎത്ഥന ചെയ്താൻ।
വിഷ്ടപനാഥജഗന്മയ നീ കൈവിട്ടീടുകയൊ ചെയ്യതുമെന്നെ॥
കഷ്ടം പോയകലും പടിയടിയനെ ദൃഷ്ടിച്ചീടുക കരുണാസിന്ധൊ।
വൃഷ്ടിയകററിപ്പുഴയൂററത്തിൻ പുഷ്ടി കുറച്ചു തരേണം നാഥ॥
ഇഷ്ട സ്നേഹിതനെ പ്രതിഭൂവായ് വിട്ടേച്ചും കൊണ്ടടിയൻ പോന്നേൻ।
ഋഷ്ടിമദസ്തമയത്തിനു മുമ്പെ പട്ടണമതിലെത്താൻ വഹിയാതെ॥
ദിഷ്ടവിളംബനമിങ്ങുളവായാൽ ദുഷ്ടനൃപൻ മത്സഖിയെകൊല്ലും।
കൃപയൊടുമതു കാരണമായടിയനു സപദി സഹായിക്കെന്നീവണ്ണം॥
അൎത്ഥിച്ചിട്ടും നദിയുടെ ഭീമത വൎദ്ധിച്ചിട്ടു വരുന്നതു കണ്ടു।
നേരത്തെത്തുകയില്ലെന്നുള്ളൊരു ഭീരുതചത്താൽ വിവശതയോടും॥
മൊറാസ്സീശ്വരമാശ്രയമാക്കി ധീരതപൂണ്ടഥ നദിയിൽ ചാടി।
പാരംപണിയൊടു നീന്തീട്ടീശ്വരകാരുണ്യംകൊണ്ടക്കരയെത്തി॥
വെള്ളത്തൂന്നു സുരക്ഷിതനായതിനുള്ളത്തിൽ സ്തുതി ദേവനു നല്കി।
തെല്ലൊരു താമസമെങ്ങും വഴിയതിലില്ലാതോടി നടക്കും സമയെ॥
ഏകകനാകുമൊരവനെ കൊല്വാൻ ഏകാഗാരികരായുധമോടും।
ഘോരവനത്തിൽനിന്നു പുറപ്പെട്ടാരവമോടുമടുത്തതു കണ്ടു॥
പാരം പരവശനാകിയ മൊറാസ് ധീരത കൈക്കൊണ്ടവരൊടു ചൊന്നാൻ।
എന്തൊരു കാൎയ്യം ചെയ്യേണ്ടതിനായ് ചിന്തിക്കുന്നതു നിങ്ങളിദാനീം॥
പ്രാണന്മാത്രമെനിക്കുണ്ടതു മൽക്ഷോണീന്ദ്രൻ വശമൎപ്പിക്കേണം।
ചങ്ങാതിയെയതിനായ് പണയംവെച്ചിങ്ങൊരു മൂന്നു ദിനത്തിനു പൊന്നേൻ॥
ഇന്നേക്കഹമവിടെക്കെത്താഞ്ഞിൽ വന്നെക്കും മമ സഖിയുടെ നിധനം।

തൽ പ്രാണങ്ങളെ രക്ഷിപ്പതിനായ് മൽപ്രാണങ്ങളെയൎപ്പിക്കേണം ||
തിട്ടമെനിക്കിപ്രാണേതരമായിട്ടൊരു വസ്തുവുമില്ലകരസ്ഥം |
വെട്ടിക്കൊന്നാൽ നിങ്ങൾക്കതിനാൽ കിട്ടാദുഷ്കൃതമെന്നിയെയേതും ||
ഇഷ്ടവയസ്യൻ തന്നുടെ പ്രാണനു നഷ്ടംവന്നു ഭവിച്ചീടായ്വാൻ |
അസ്മൽപ്രാണത്രാണനമധുനായുഷ്മാഭിഃ കൃപയാ കരണീയം ||
ഇത്ഥംബഹു വിധമൎത്ഥിച്ചിട്ടും ചിത്തമലിഞ്ഞീടാതവരുടനെ |
ക്രുദ്ധിച്ചായുധമോങ്ങിവധിപ്പാനുദ്യുക്തന്മാരായതു കണ്ടു ||
ത്വരമരികെ നില്ക്കുന്നവനൊടു ശസ്ത്രം പററിയെടുത്തഥ മൊറാസ് |
വെട്ടിക്കൊന്നിതു മൂവരെയപ്പോൾ പെട്ടന്നോടിയൊളിച്ചിതു മററവർ ||
ശേഷിച്ചൊരു വഴിപോവതിനായി ശേഷി കുറഞ്ഞു ചമഞ്ഞിതവനു |
ദാഹംകൊണ്ടു വശക്കേടുണ്ടായ് ദേഹാലസ്യമതും പെരുതായി ||
പ്രാണാപായം വരുമാറുള്ളൊരു ക്ഷീണതകൊണ്ടതിദീനതയോടെ |
ദീനദയാലൊ പാലിക്കുകമാം ഞാനിത ദാഹത്താൽ മുടിയുന്നു ||
ഘോരത പൂണ്ടൊരു നദിയിൽനിന്നും ചോരന്മാരുടെ കൈകളിൽനിന്നും |
കാരുണ്യാംബുനിധെ നീയെന്നെ കാരുണ്യത്തൊടെ പാലിച്ചീലെ ||
ദാഹത്താലും ക്ഷീണതയാലും ഹാ ഹാ ഞാനിഹ ചത്തീടുകയും |
സ്നേഹിതനവിടെ നശിച്ചിടുകയും ചെയ്യുതിനൊ നിന്നുടെ തിരുവുള്ളം ||
അങ്ങിനെയാകരുതടിയനിദാനീം പൊങ്ങിനദാഹം തീൎത്തരുളുക നീ |
എന്നിതിയാചനചെയ്കയിലരികെ നിന്നൊരു നീരുറവിൻധ്വനി കേളായ് ||
അന്വേഷിച്ചതു കണ്ടവനുടനെ ചെന്നു കരത്താൽ സലിലം കോരി |
തന്നുടെ തൃഷ്ണെക്കുപശമമുണ്ടാംവണ്ണം ശ്വാസമടച്ചു കുടിച്ചു ||
പൃത്ഥ്വീരുഹനിഴൽ നീണ്ടതു കണ്ടഥ ബദ്ധപ്പെട്ടു നടന്നീടുകയിൽ |
സംപ്രതി കഴവേററുന്നവരവനെ സംകടമെത്ര കഠോരമവന്നു ||
ബന്ധു ചതിച്ചൊരു ചതിയിതു നൂനം ഹന്ത നിനച്ചാൽ വിധിബലമല്ലൊ |
സന്താപത്തൊടുമിങ്ങിനെ തമ്മിൽ സംഭാഷിച്ചപ്പെരുവഴി പോകും ||
പാന്ഥയുഗത്തെക്കണ്ടാനതിനാൽ സ്വാന്തക്ലേശം പെരുതായ്വന്നു |
കിഞ്ചനനേരം ചെന്നൊരു ശേഷം തഞ്ചേടകനുടെ വരവതു കാണായ് ||
അന്തികമതിൽ വന്നവനുര ചെയ്യാൻ നിന്തിരുവടിയിനിയിങ്ങുവരേണ്ട |
മണ്ടി മടങ്ങിപ്പോകുക വേഗാൽ വേണ്ടിനിമിത്രത്രാണനകാംക്ഷ ||
ഏററുന്നുണ്ടവനെ കഴവിന്മേൽ ചെററും രക്ഷിപ്പാനിനിവഹിയാ |
പററലരിന്നു ഭവാനെ കണ്ടാൽ തെററന്നവനൊടു കൂടെ കൊല്ലും ||
തെററിയൊളിച്ചു ഭവാനുടെ ജീവനെ മുററും പരിപാലിക്കെവേണ്ടു |
നിന്നുടെ പുനരാഗമനത്തെക്കൊണ്ടന്നു പനേതും വിശ്വസിയാതെ ||
നിന്നിൽ ദൃഢതരവിശ്വാസത്തൊടു നിന്നീടുന്നൊരു സഖിയെ ബഹുധാ |
നിന്ദിച്ചുപഹസനം ചെയ്കിട്ടും സന്ദേഹിച്ചീലായവനേതും ||
വന്നീടും നീ ചൊല്ലിയ സമയത്തെന്നവനകമെനിൎണ്ണയമാക്കി |
മിത്രമിവണ്ണം മററില്ലെന്നതു ശത്രുക്കൾക്കും സമ്മതമായി ||
ഭൃത്യവചസ്സുകളിങ്ങിനെ കേട്ടു ഹൃത്തുപിളൎന്നീടുംപടി മൊറാസ് |
ദുഃഖംകൊണ്ടതിപരവശനായഥ ചിക്കന്നവനൊടു ചൊന്നാനേവം ||

മിത്രത്തെ പരിപാലിപ്പാനായത്ര നമുക്കു കഴിഞ്ഞീലെന്നാൽ।
മൃത്യുപുരത്തിന്നിക്ഷണമവനോടൊത്തു ഗമിപ്പതസാദ്ധ്യവുമല്ല॥
തോഴൻ തോഴനെ വഞ്ചിച്ചെന്നപ്പാഴക്ഷ്മാപതി ചൊല്ലീടരുതേ।
വിശ്വാസ്യതയും സ്നേഹവുമുണ്ടീ വിശ്വത്തിങ്കലിരിക്കുന്നെന്നു॥
രണ്ടു ജനത്തെ കൊല ചെയ്യുതിനാൽ കണ്ടറിയേണം കഠിനനൃപാലൻ।
ഇത്ഥമുരെച്ചുടനോടി നടന്നീട്ടസ്സമയത്തിനു പട്ടണമെത്തി॥
അക്കഴുമരവും ചുററിലുമനവധി നൃക്കടെ കൂട്ടം നില്പതുമെന്ന്യെ।
വെക്കം സഖിയെ കയറാൽകെട്ടി പൊക്കീടുന്നതുമവശതയോടെ॥
കണ്ടകതണ്ടു കലങ്ങിത്തരസാമണ്ടി വിളിച്ചു പറഞ്ഞിതു മൊറാസ്।
ഘാതക ഞാനിത കൊന്നീടുക മാം യാതന ചേർത്തീടരുതു സഖിക്കു॥
മാമകലഗ്നകനത്രെയവൻ നീ താമസമെന്നിയെ വിട്ടീടവനെ।
ഇത്ഥം ചൊല്ലതു കേട്ടു ജനങ്ങൾക്കത്യാശ്ചൎയ്യം വന്നുളവായി॥
ഗാഢാശ്ലേഷം ചെയ്തഥ സഖിയുഗമൂഢാമോദത്താലെ കരഞ്ഞു।
കാണും ജനവും മാനസമുരുകി കേണുതുടങ്ങിയ നേരത്തൊരുവൻ॥
ക്ഷോണീപതിയുടെ സവിധെ ചെന്നു താണു വണങ്ങിട്ടിദമറിയിച്ചു।
ക്രൂരക്ഷ്മാപതിയെങ്കിലുമവനച്ചാരു ചരിത്രം കേട്ടൊരു സമയെ॥
ക്രൌൎയ്യം പോയിട്ടകലെ മറഞ്ഞു കാരുണ്യത്താൽ ഹൃദയമലിഞ്ഞു।
പാരാതവൎകളെയിരുവരെയും തൻചാരെ വരുത്തി കൌതുകമോടും॥
പാരിനുനായകനവരൊടു കരുണാസാരമയെക്ഷണനായരുൾ ചെയ്യാൻ।
അസ്മന്മാനസകാഠിന്യത്തെ വിസ്മയകരമാം നിങ്ങടെ സഖ്യം॥
അദ്യജയിച്ചിതു ഞനിനി നിങ്ങടെ ഹൃദ്യവയസ്യനിതെന്നറിയേണം।
മൂന്നാമവനായ് നിങ്ങടെ മൈത്രിയിലിന്നു മുതൽ ചേർത്തിടുക നമ്മെ॥
ശാംബരിയല്ലീ വിശ്വാസ്യതയെന്നെന്മനതാരിലുദിച്ചിതു കാലം।
സമ്മോദത്തൊടു പോവിൻ നിങ്ങൾക്കെണ്മാത്രം ഭയമരുതിനി ഹൃദയെ॥
നിൎമ്മലമനസാ തരസാ നരപതിയുണ്മയൊടിങ്ങിനെയരുളിച്ചെയ്തു।
ചെമ്മെ ധനകനകാദികളാലെ സമ്മാനിച്ചിട്ടവരെയയച്ചു॥
ക്രൂരതയകലെ വിട്ടഥതന്നുടെ പൌരജനത്തെയുപദ്രവിയാതെ।
കാരുണ്യത്തൊടു പരിപാലിച്ചപ്പാരിന്നഭിവൃദ്ധിയുമുളവാക്കി॥

ഒരു ലോഭി.

അത്യന്തം ധനകാംക്ഷയുള്ളൊരു പപ്പടച്ചെട്ടിയുണ്ടായിരുന്നു. ധനത്തെയും ധനവാന്മാരെയും വലുതായി എണ്ണുന്ന ഒരാൾ ഇവനെ പോലെ എങ്ങും ഉണ്ടായിരുന്നില്ല. ഒരു കൂട്ടത്തിൽ വല്ലവരും വല്ലൊരു സമ്പന്നനെകൊണ്ടു സംസാരിക്കുമ്പോൾ ഈ ചെട്ടി, ഹൊ ഞാൻ അവനെ നന്നായി അറിയുന്നു, ഞാനും അദ്ദേഹവു

മായി ബഹുകാലം പരിചയക്കാരാകുന്നു ഞങ്ങൾക്കു തമ്മിൽ ബഹു മമതയാണെ എന്നു പറയും. എങ്കിലും വല്ലൊരു ദരിദ്രനെകൊണ്ടു കേട്ടാൽ തനിക്കു അവനോടു ഒരു ലേശംപോലും പരിചയമില്ലാത്ത പ്രകാരം നടിക്കും. എന്നാൽ കാൎയ്യസൂക്ഷ്മത്തിൽ ഈ ചെട്ടി ആരോടും മുഖപരിചയമുള്ളവനല്ല. ഇവൻ മഹാ ദ്രവ്യാഗ്രഹിയായിരുന്നിട്ടും സാക്ഷാൽ ദരിദ്രനായിരുന്നു. തന്റെ ആസ്സുകൊണ്ടുള്ള സമ്പാദ്യമല്ലാതെ വേറെ യാതൊരു വകയും തനിക്കില്ല. ആ ആദായം ചെറുതായിരുന്നാലും സ്ഥിരമുള്ളതാകുന്നു. ആ പ്രവൃത്തി നടക്കുന്നേടത്തോളം അവന്റെ അഷ്ടിക്കു മുട്ടു കൂടാതെ അഹോവൃത്തി കഴിക്കാം. ആയവൻ തന്റെ വരവിൽനിന്നു നന്ന ഈററിച്ചു വല്ലതും രണ്ടു കാശു ദിവസേന നേടി വെക്കയും അതിനെ കൂടക്കൂട എണ്ണി എണ്ണി കണക്കു നോക്കികൊണ്ടു പാൎക്കയും ചെയ്യും എങ്കിലും ആ സമ്പാദ്യം അവൻ കൊതിക്കുന്നതിന്നു ഒത്തില്ല. അനവധി വേണം എന്നത്രെ അവന്റെ കാംക്ഷ. ബുദ്ധിമുട്ടില്ല എന്നതിന്നു മാത്രമെ കൈവശം ഉള്ളു എന്നു അവൻ ബോധിച്ചു. ഒരു ദിവസം അവൻ ദ്രവ്യസഞ്ചയസമ്പാദ്യം മനസ്സിൽനിനച്ചിരിക്കയിൽ ഒരു വൎത്തമാനം കേട്ടു. അതൊ തന്റെ ഒരു അയല്ക്കാരൻ അടുക്കടുക്കെ മൂന്നു രാത്രി ഒരു നിക്ഷേപകുംഭത്തെക്കൊണ്ടു കിനാവു കണ്ടിട്ടു കുഴിച്ചു നോക്കിയാറെ, സ്വപ്നപ്രകാരം തന്നെ വലിയൊരു നിധി കണ്ടെത്തി എന്നുള്ളതത്രെ. ഈ വൎത്തമാനം അൎത്ഥാശാമഗ്നനായ പപ്പടച്ചെട്ടിക്കു കുന്തം തറച്ചതു പോലെ ആയി. ഹാ ഞാൻ അന്തിയോളം എപ്പ്പൂ നുറുങ്ങുവോളം അദ്ധ്വാനിച്ചിട്ടും അഞ്ചെട്ടു പൈസ മാത്രമെ കിട്ടുന്നുള്ളു. ഈ അയല്ക്കാരനൊ പകൽ മുഴുവൻ നിശ്ചിന്തനായി നടന്നു രാത്രി സുഖേന കിടന്നുറങ്ങി പുലരുംമുമ്പെ ആയിരം പത്താക്കു കിനാവു കണ്ടു കുഴിച്ചെടുക്കുന്നു! ഞാനും അങ്ങിനെ കിനാവു കണ്ടെങ്കിൽ എത്ര ആനന്ദത്തോടെ നിധിയുള്ള വട്ടളത്തിന്നു ചുററും കുഴിക്കും എത്ര രഹസ്യത്തിൽ അതു ഞാൻ വീട്ടിൽകൊണ്ടു പോകും. എന്റെ ഭാൎയ്യെക്കുപോലും അതിനെ ഞാൻ കാണിക്കയില്ലയായിരുന്നു. പിന്നെ പൊന്നിന്റെ കൂനയിൽ കൈ മുട്ടോളം കുത്തുമ്പോൾ ഉണ്ടാകുന്ന സന്തോഷം പറയാവതൊ എന്നും മററും വിചാരിച്ചു വിഷാദിച്ചുകൊണ്ടിരുന്നു. എങ്കിലും ഈ ചിന്ത അവനെ ഭാഗ്യഹീനനാക്കിയതേയുള്ളു. എങ്ങിനെയെന്നാൽ: അവൻ അന്നു മുതൽ പ്രവൃത്തിയിൽ മുമ്പെത്ത ഉത്സാഹം കാണിച്ചില്ല. ചെറിയ ലാഭങ്ങൾ ഒന്നും അവന്നു കണ്ണിൽ

പിടിച്ചതുമില്ല. ഇതു ഹേതുവായി അവനോടു പപ്പടം വാങ്ങുന്ന അടവുകാർ മിക്ക പേരും അവനെ വിട്ടുകളഞ്ഞു. അവനൊ പകൽ മുഴവനും നിധി നിധിയെന്നു ചിന്തിച്ചു രാത്രിയിൽ സ്വപ്നം കാണ്മാൻ ആശിച്ചു കിടക്കും. ചില സമയത്തോളം അവന്മേൽ കണ്ണുടെച്ചു പാൎത്ത ലക്ഷ്മി ഒടുക്കം അവനെക്കൊള്ള തിരിഞ്ഞു. ഒരു രാത്രിയിൽ താൻ ആശിച്ചപ്രകാരം തന്റെ ആസ്സിന്റെ നേരെ ചുവട്ടിൽ പരന്ന കൽ മൂടികൊണ്ടു അടെച്ചു കിടക്കുന്ന ഒരു വലിയ വട്ടളം ഉണ്ടെന്നും അതിനകത്തു സ്വൎണ്ണവും രത്നങ്ങളും നിറഞ്ഞിരിക്കുന്നു എന്നും അവൻ സ്വപ്നം കണ്ടു. ഇങ്ങിനെ താൻ കണ്ട സ്വപ്നത്തെ ആരോടും അറിയിക്കാതെ അടുത്ത രണ്ടു രാത്രിയിലും കൂടെ കാണ്മാൻ കാത്തുനിന്നു. അതുവും അവന്നു സാധിച്ചു. മറ്റെ രണ്ടു രാത്രിയിലും ഈഷത്ഭേദം കൂടാതെ ആ സ്വപ്നം തന്നെ കാൺകയാൽ അവൻ ഇനി സംശയിപ്പാൻ ഏതുമില്ല എന്നു നിശ്ചയിച്ചു മൂന്നാം ദിവസം നന്ന രാവിലെ എഴുനീറ്റു ഒരു കൈക്കോട്ടു എടുത്തു ആസ്സിന്നരികെ ചെന്നു സ്വപ്നം സൂചിപ്പിച്ച ചുവരിൻ ഭാഗത്തു കുഴിപ്പാൻ തുടങ്ങി. കുറയ കുഴിക്കുമ്പോൾ ഒരു പൊട്ടിയ മോതിരം കിട്ടി. ആയവൻ ഇതു നല്ല ശകുനം എന്നു നിശ്ചയിച്ചു. സന്തോഷത്തോടെ അധികം കുഴിച്ചു മറിക്കയിൽ പൊട്ടാത്ത പുരമേയുന്ന ഒരു ഓടു കണ്ടെത്തി. പിന്നെയും ബദ്ധപ്പെട്ട് വളരെ ആഴത്തിൽ കുഴിച്ച ശേഷം പരന്ന വലിയൊരു കല്ലു കാണായ്വന്നു. അതു പൊന്തിച്ചു നീക്കുവാൻ തന്റെ ശക്തി മതിയായിരുന്നില്ല. ഇതു കണ്ടപ്പോൾ അവൻ ആനന്ദപരവശനായി സ്വപ്നം സഫലം. ഹൊ കിട്ടിപ്പോയി. കിട്ടിപ്പോയി! ഈ കല്ലിന്നടിയിൽ സ്വൎണ്ണരത്നങ്ങൾ കൊണ്ടു നിറഞ്ഞ വലിയൊരു വട്ടളത്തിന്നു നില്പാൻ തക്ക സ്ഥലം ഉണ്ടു. ഇനി ചെന്നു ഭാൎയ്യയോടു സകലവും അറിയിച്ചു അവളെ കൂട്ടിക്കൊണ്ടു വന്നെ കഴിയും എന്നു പറഞ്ഞു ഉടനെ ഭാൎയ്യയുടെ അടുക്കെ ചെന്നു അവളോടു തങ്ങൾക്കു വന്ന ഭാഗ്യത്തെക്കൊണ്ടു അറിയിച്ചു. അതു കേട്ടപ്പോൾ അവൾക്കുണ്ടായ സന്തോഷം ഏകദേശം ഊഹിക്കാമല്ലൊ. സന്തോഷപാരവശ്യത്തിൽ അവൾ ഭൎത്താവിന്റെ കഴുത്തു കെട്ടി പിടിച്ചു എന്നെ വേണ്ടു. എങ്കിലും ഈ സന്തോഷത്തിൽ കാലം കളയാതെ കിട്ടിയ നിധിയുടെ വലിപ്പത്തെ അറിവാൻ ഇരുവരും ബദ്ധപ്പെട്ടു കുഴിയരികെ ചെന്നു ഭഗീരഥപ്രയത്നത്തോടെ കല്ലു പൊന്തിച്ചു നീക്കിയാറെ, നിക്ഷേപം ഒന്നും കാണാതെ തങ്ങളുടെ ഉപജീവനത്തിൻ ഏകൊപ കരണമായ ഒരു

തിരിക്കല്ലു മാത്രം കണ്ടതെ ഉള്ളൂ. തന്റെ തൊഴിൽ നന്നായി ചെയ്യു ന്നതത്രെ തനിക്കുള്ള നിക്ഷേപം എന്നു ദ്രവ്യാഗ്രഹികൾ എപ്പോഴും മടിയന്മാരും കൂട ബോധിച്ചിരിക്ക. അലംഭാവത്തോടു കൂടിയ ഭക്തി വലുതായ അഹോവൃത്തി ആകുന്നു താനും. ഇഹലോകത്തിലേക്കു നാം ഒന്നും കൊണ്ടുവന്നിട്ടില്ലല്ലൊ ഏതാനും കൊണ്ടുപോവാനും കഴികയില്ല സ്പഷ്ടം. ഉണ്മാനും ഉടുപ്പാനും സാധിച്ചാൽ മതി എന്നു നാം വിചാരിപ്പു. ൧. തിമൊ. ൬, ൬—൮.

ഒരു ദൈവം ഉണ്ടു അവൻ നീതിമാൻ.

അങ്ങൊരു ചെറു ഗ്രാമത്തിൽ ഭക്തിനീതികൾ ഉള്ളൊരു നെയ്ത്തുകാരൻ പാൎത്തിരുന്നു. അവന്റെ ഭാൎയ്യയും അവനെ പോലെ നല്ല ശീലമുള്ളവൾ ആകകൊണ്ടു അവനെ എല്ലാ സൽക്രിയകളിലും തുണെച്ചു വന്നു, തങ്ങൾക്കുള്ള മൂന്നു മക്കളെയും അവർ ദൈവഭയത്തിലും സ്നേഹത്തിലും പോററി വളൎത്തി നല്ല സുബുദ്ധിയെ ശീലിപ്പിച്ചു. പലപ്പോഴും മുട്ടുണ്ടായിരുന്നു എങ്കിലും ഈ ഭാൎയ്യാഭൎത്താക്കന്മാർ ദൈവത്തെ നോക്കി പാൎത്തു തങ്ങളുടെ ഭാരത്തെ ഒരുമനപ്പെട്ടു വഹിച്ചു സങ്കടങ്ങളിലും ദൈവനാമത്തെ മഹത്വീകരിക്കയാൽ അവരെ അറിഞ്ഞ സകല ഗ്രാമക്കാരും അവരിൽ പ്രിയം ഭാവിക്കയും ചെയ്തു.

അങ്ങിനെ ഇരിക്കുമ്പോൾ ഒരു ദിവസത്തിന്റെ സന്ധ്യാനേരത്തിൽ നല്ലവണ്ണം ഉടുത്തിരുന്ന ഒരു വഴിപോക്കൻ ആ നെയ്ത്തുകാരന്റെ മുററത്തുവന്നു നിന്നു: ഹേ തോഴ സലാം നേരം നന്ന വൈകിപ്പോയി. ഇനി നിങ്ങളെ അലമ്പലാക്കുവാൻ ശങ്കിക്കുന്നു. എങ്കിലും ഞാൻ വഴി തെററിപ്പോയതിനാൽ വളരെ മുട്ടുണ്ടു. നേർവഴി കാട്ടി തന്നുവെങ്കിൽ വലിയ ഉപകാരം. വേണ്ടുന്ന കൂലി തരികയുമാം എന്നു വളരെ വ്യസനത്തോടും മാനഭാവത്തോടും കൂടെ പറഞ്ഞാറെ, നെയ്ത്തുകാരൻ: ശങ്കയും സംശയവും ഒന്നും വേണ്ടാ വഴിയെ ഞാൻ കാട്ടി തരാം എന്നു ആദരവോടെ ചൊല്ലി ബദ്ധപ്പെട്ടു വസ്ത്രം ഉടുത്തു വഴിപോക്കന്റെ മുമ്പിൽ നടന്നു.

പിന്നെ വഴിക്കൽവെച്ചു അവർ ഓരോന്നു സംസാരിച്ചു പറമ്പും വയലും എല്ലാം കടന്നു ഒരു കാട്ടുപ്രദേശത്തിൽ എത്തി മുന്നോട്ടു ചെന്നു ഇരുട്ടായപ്പോൾ, വഴിപോക്കൻ പെട്ടന്നു നിന്നു മ

ടിയിൽ നിന്നു ഒരു ചെറിയ കുഴലിനെ എടുത്തു നെയ്ത്തുകാരന്റെ ചെവിയും ഹൃദയവും മുഴങ്ങുമാറു ഊതിയ ഉടനെ കാട്ടിൽ നിന്നു നിഷ്കണ്ടകന്മാരായ അഞ്ചു പത്ത് ആളുകൾ അണഞ്ഞു വന്നു അവനോടു കന്നം വീടു തുരക്കുന്നതിനെ കുറിച്ചു സംസാരിച്ചപ്പോൾ അയ്യൊ ഇതെല്ലാം ഒരു വല്ലാത്ത ചതി എന്നു നെയ്ത്തുകാരൻ നിശ്ചയിച്ചു വ്യസനിച്ചു നില്ക്കുന്നതിന്നിടയിൽ അവനെ വഞ്ചിച്ചു കൊണ്ടു വന്നിരുന്ന കള്ളരുടെ തലവൻ തന്റെ കൂട്ടരോടു: ഇതാ ഒരു പുതിയ ചങ്ങാതി. ഇവൻ ഇന്നു ഭീരുവാകുന്നെങ്കിലും തൊഴിൽ വേഗം ശീലിച്ചു ധൈര്യവാനാകും എന്നു പറഞ്ഞതു കേട്ടാറെ, നെയ്ത്തുകാരൻ അത്യന്തം ഭയപ്പെട്ടു സാഷ്ടാംഗമായി വീണു തന്നെ വിട്ടയക്കേണ്ടതിന്നു വളരെ കണ്ണുനീർ വാർത്തു വാർത്തു അപേക്ഷിച്ചാറെ, കള്ളരുടെ തലവൻ തന്റെ തോക്കു എടുത്തു അവന്റെ നെഞ്ഞിനെ കുറി വെച്ചു ഞങ്ങളൊടു കൂട വരുമൊ അല്ല ഇപ്പോൾ തന്നെ മരിക്കുമൊ എന്നു ക്രുദ്ധിച്ചു പറഞ്ഞു. പിന്നെ കള്ളരിൽ ഒരുവൻ അടുക്കെ ചെന്നു അവനെ ഇഴെച്ചുകൊണ്ടുപോയി. അന്നു പാതിരാക്കു അവർ ഒരു വീട്ടിൽ എത്തി തുരന്നു അകത്തു പ്രവേശിച്ചനേരം നെയ്ത്തുകാരനും വേറെ ഒരുവനും കാവൽ നിന്നു. തൽക്ഷണം ആളുകൾ കൂടി കള്ളരുടെ തലവനെയും നെയ്ത്തുകാരനെയും വേറെ ചിലരെയും പിടിച്ചുനിർത്തിയപ്പോൾ ശേഷമുള്ളവർ എല്ലാവരും മണ്ടിപ്പോയി.

വീട്ടിൽ വെച്ചു നെയ്ത്തുകാരന്റെ ഭാര്യ രാത്രി മുഴുവനും പിറ്റെനാളും ഭർത്താവു മടങ്ങി വരാത്തതു നിമിത്തം ദുഃഖിച്ചു കരഞ്ഞു. അയല്ക്കാർ പലരും അവൻ പോയ വഴിയിൽ കൂടി ചെന്നു അവനെ തേടി നടന്നു എങ്കിലും വെറുതെ മടങ്ങിപ്പോന്നു. വൈകുന്നേരമായപ്പോൾ നെയ്ത്തുകാരൻ ഒരു കൂട്ടം കള്ളരോടു കൂട പിടികിട്ടിയിരിക്കുന്നു എന്ന ശ്രുതി കേള്വായി വന്നു. ഉടനെ അവന്റെ ഭാര്യ കുട്ടികളെ സ്നേഹിതമാരിൽ ഏല്പിച്ചു ഭർത്താവ തടവിൽ ഇരിക്കുന്ന നഗരത്തിലേക്കു ചെന്നു ന്യായാധിപനെ ചെന്നു കണ്ടു വിവരങ്ങളെല്ലാം അറിയിച്ചു നിർഭാഗ്യനായ ഭർത്താവിനെ വിട്ടയക്കേണ്ടതിന്നു വളരെ അപേക്ഷിച്ചാറെ, അവൻ അവളെ ആദരവോടെ നോക്കി നിങ്ങൾ പറയുന്നതു എല്ലാം സത്യമായിരിക്കും. എങ്കിലും എന്തു വേണ്ടു ന്യായപ്രകാരം അന്വേഷണം കഴിച്ചല്ലാതെ വിടുവാൻ കഴികയില്ലല്ലൊ ഭർത്താവിനെ ചെന്നു കാണേണ്ടതിന്നു വിരോധം ഇല്ല എന്നു കല്പിച്ചു. പിന്നെ അവൾ തടവിൽ ചെന്നു ഭർത്താ

വിനെ കണ്ടപ്പോൾ ഇരുവൎക്കും ഉണ്ടായ സങ്കടം പറയാവതല്ല. പരമാൎത്ഥം എല്ലാം ദൈവം അറിയുന്നു. അവൻ എന്നെ ഈ ദുഷ്ട ന്മാരുടെ കൈയിൽനിന്നു രക്ഷിപ്പാൻ ശക്തൻ ആകുന്നു എന്നു നെയ്ത്തുകാരൻ പറഞ്ഞു ദൈവത്തെ നോക്കി പ്രാൎത്ഥിച്ചു.

അക്കാലത്തു പല ദിക്കുകളിലും കളവും കവൎച്ചയും നടക്കുക കൊണ്ടു കണ്ടു കിട്ടിയ കള്ളൎക്കു കഠിന ശിക്ഷ വിധിച്ചുപോന്നു. അതല്ലാതെ നീതിമാനായ നെയ്ത്തുകാരനെ എങ്ങിനെ എങ്കിലും ന ശിപ്പിക്കേണം എന്നു കള്ളർ എല്ലാവരും ഒരുമനപ്പെട്ടു നിശ്ചയിച്ചു വിസ്താരസമയത്തിൽ: ഇവൻ ഇന്നിന്ന സ്ഥലങ്ങളിൽ ഒക്കയും ഞങ്ങളോടു കൂട കവൎച്ച ചെയ്തു എന്നു ധൈൎയ്യത്തോടെ പറഞ്ഞു സത്യം ചെയ്തു. അവനെ മഹാ കുററക്കാരനാക്കി തീൎത്തു. അവൻ തന്റെ നേരിനെ ഉണൎത്തിച്ചാൽ അവർ: അയ്യോ കള്ള നിനക്കു നാണമില്ലയൊ ദൈവഭയം അശേഷം നിന്നിൽനിന്നു നീങ്ങിപ്പോ യൊ എന്നും മററും പറഞ്ഞപ്പോൾ അവൻ കണ്ണുനീർ വാൎക്കുന്ന തല്ലാതെ മറെറാന്നും ചെയ്വാൻ വഹിയാതെയായി.

വിസ്താരം തീൎന്ന ശേഷം എല്ലാവൎക്കും മരണം വിധിച്ചു എന്നു ജനങ്ങൾ കേട്ടപ്പോൾ നെയ്ത്തുകാരൻ കുററക്കാരൻ അല്ല എന്നു എ ല്ലാവരും പറഞ്ഞു സങ്കടപ്പെട്ടു. നെയ്ത്തുകാരൻ താനും ദുഃഖപരവ ശനായി എങ്കിലും ദൈവവചനം കൊണ്ടും പ്രാൎത്ഥനകൊണ്ടും ആ ശ്വസിച്ചു വിശ്വസ്തനായ ദൈവത്തിന്നായിട്ടു കാത്തിരുന്നു. ഭ ൎത്താവിന്നു വിധി വന്നു, മൂന്നാം നാളിൽ അതിനെ നടത്തിക്കയും ചെയ്യും എന്നു അവന്റെ ഭാൎയ്യ കേട്ടു ബദ്ധപ്പെട്ടു രാജധാനിയിൽ ചെന്നു കോവിലകം പ്രവേശിച്ചു രാജ്ഞിയെ കാണെണം എന്നു വളരെ അപേക്ഷിച്ചു. കല്പന ആയ ശേഷം അവൾ ഭൎത്താവി ന്റെ അവസ്ഥയെ വിവരമായി അറിയിച്ചു അവനെ രക്ഷിക്കേ ണ്ടതിന്നു വളരെ താഴ്മയോടും കണ്ണുനീരോടും കൂട അപേക്ഷിച്ചതി നാൽ രാജ്ഞി ആദരഭാവം പൂണ്ടു അവളെ രാജാവിന്റെ സന്നി ധിയിൽ കൊണ്ടാക്കി കാൎയ്യം എല്ലാം ബോധിപ്പിച്ചപ്പോൾ രാജാവു അവളെ നോക്കി: പുത്രി! ധൈൎയ്യമായിരിക്ക നിന്റെ ഭൎത്താവു ജീ വിക്കും എന്നരുളി ഒരു പത്രം എഴുതി മുദ്രയും ഒപ്പും ഇട്ടു ഒരു മന്ത്രിക്കു ഏല്പിച്ചു ആയതിനെ താമസിയാതെ നെയ്ത്തുകാരന്റെ വിധി ന ടക്കേണ്ടുന്ന നഗരത്തിൽ എത്തിക്കേണം എന്നു കല്പിച്ചു. അന്നു വൈകുന്നേരം. പിറെറ നാൾ ഒമ്പതു മണിനേരം നെയ്ത്തുകാരൻ മ രിക്കേണം. അഞ്ചല്ക്കാരനു പത്തു മണിക്കൂറിന്നകം എത്തുവാൻ ക

ഴിയും എങ്കിലും താമസമരുതു.—എന്നിട്ടും അഞ്ചല്ക്കാരൻ കുതിരപ്പു റത്തുനിന്നു വീണു കാലിന്റെ ഒരു ഏപ്പു തെറ്റുകകൊണ്ടു രണ്ടു മൂന്നു മണിക്കൂറ താമസം വന്നുപോയി.

പിറെറ രാവിലെ ഒമ്പതു മണി മുട്ടിയപ്പോൾ പാതിരിയും നെയ്ത്തുകാരനും അവരുടെ വഴിയെ കള്ളന്മാരുടെ തലവനും ശേഷം കള്ളരും ഘാതകന്മാരും ഒരു വലിയ ജനസമൂഹവും തൂക്കമരത്തിന്നാമാറു പുറപ്പെട്ടു വധസ്ഥലത്തിൽ എത്തി കഴവിനോടു അണഞ്ഞു. പിന്നെ ഘാതകന്മാർ ഏണി വെച്ചു നെയ്ത്തുകാരനെ തൂക്കപലകമേൽ കയററി നിറുത്തിയ ഉടനെ അഞ്ചല്ക്കാരൻ കുതിര കിതച്ചും വിയൎത്തും കൊണ്ടു ജനസമൂഹത്തിൽ പ്രവേശിച്ചു രാജപത്രത്തെ ന്യായാധിപന്റെ കൈക്കൽ ഏല്പിച്ചു. ആയവൻ അതിനെ പൊളിച്ചു വായിച്ചു: ക്ഷമ നെയ്ത്തുകാരനു ക്ഷമ എന്നു തിണ്ണം വിളിച്ചപ്പോൾ സമൂഹം ഒക്കയും ആൎത്തു സന്തോഷിച്ചു. എന്നാറെ കള്ളന്മാരുടെ തലവൻ മുതിർന്നു ജനങ്ങളോടു ഒന്നു രണ്ടു വാക്ക സംസാരിപ്പാൻ സമ്മതം വാങ്ങി പറഞ്ഞതാവിതു: ദൈവമില്ല എന്നു ഞാൻ എന്റെ ഹൃദയത്തിൽ പറഞ്ഞു എല്ലാ വിധമുള്ള അകൃത്യങ്ങളെയും ദുഷ്കൎമ്മങ്ങളെയും ചെയ്തു പോന്നു. ദൈവം ഉണ്ടെങ്കിൽ അവൻ എന്റെ പാപത്തെ കണ്ടു എന്നെ ശിക്ഷിക്കാതെ ഇരിക്കയില്ലല്ലൊ എന്നു ഞാൻ പലപ്പോഴും വിചാരിച്ചുകൊണ്ടിരുന്നു. എങ്കിലും ഒരു ദൈവം ഉണ്ടെന്നും അവൻ നീതിമാൻ ആകുന്നു എന്നും ഞാൻ ഇപ്പോൾ കണ്ടു വിശ്വസിച്ചിരിക്കുന്നു. ഈ ഭക്തനും നീതിമാനുമായ നെയ്ത്തുകാരനെ ഞാൻ ആപത്തിൽ അകപ്പെടുത്തി എന്റെ കൂട തന്നെ നശിപ്പിപ്പാൻ നിശ്ചയിച്ചു തൂക്കമരത്തോളം കൊണ്ടുവന്ന ശേഷം അവനു വിസ്മയമാംവണ്ണം രക്ഷ വന്നുവല്ലൊ. അതെ ഒരു ദൈവം ഉണ്ടു അവൻ നീതിമാൻ തന്നെ. ഇനി എനിക്ക ചില ദിവസം ഇട തന്നാൽ ഞാൻ എന്റെ കുററം എല്ലാം ഏററു പറയാം. അപ്പോൾ ഞാൻ മൂന്നിരട്ടി ശിക്ഷക്ക യോഗ്യൻ എന്നു തെളിയും. അതിനെ ഞാൻ ഒരു വിരോധം കൂടാതെ അനുഭവിക്കും എന്നു പറഞ്ഞ ശേഷം അവനെയും ശേഷമുള്ളവരെയും രണ്ടാം വിസ്താരത്തിന്നായി തടവിലേക്ക മടക്കി കൊണ്ടുപോവാൻ കല്പന ഉണ്ടാകയും ചെയ്തു. പിന്നെ നെയ്ത്തുകാരന്റെ സന്തോഷവും ദൈവസ്തുതിയും പറവാൻ ഏതു നാവിനാൽ കഴിയും? അവനോടു കൂട ജനസമൂഹവും സന്തോഷിച്ചു ചില ബാല്യക്കാർ അവനെ തോളിൽ എടുത്തു നഗരത്തിലേക്ക മടങ്ങി കൊണ്ടുപോയി. പിന്നെ ഭാ

യ്യയും എത്തിയപ്പോൾ അവർ ഒരുമിച്ചു സന്തോഷിച്ചു തങ്ങളുടെ നാട്ടിലേക്കു പുറപ്പെട്ട സമയം ആ നഗരക്കാർ അവരെ സല്ക്കരിച്ചു ഒരു വണ്ടിയിൽ ആക്കി നൂറു ഉറുപ്പികയുടെ സമ്മാനം കൊടുത്തു അവരെ സന്തോഷത്തോടെ അയക്കുകയും ചെയ്തു.

ചിത്രഗുപ്തൻ.

നമുക്കു കാലവിവരം കാണിക്കുന്നതു ഗതിയാൾ അത്രെ. അതെ നല്ലൊരു ഗതിയാൾ കിട്ടിയവന്നു ഒരു നിധി കിട്ടി എന്നേ വേണ്ടു. ഞാൻ ഒരു സമയം ൩൫ ഉറുപ്പികെക്കു ഒന്നു വാങ്ങിയ ശേഷം വേറെ ഒരു ആൾ അതിനെ കണ്ടു അതിന്നു ൭൦ ഉറുപ്പിക തരാം എന്നു പറഞ്ഞപ്പോൾ, ഉറുപ്പികമേൽ നോക്കി നേരം നിശ്ചയിപ്പാൻ കഴികയില്ലല്ലൊ എന്നു ഞാൻ പറഞ്ഞു ഗതിയാൾ കൊടുത്തില്ല. എന്നാൽ കാലവിവരത്തെ മാത്രമല്ല വല്ല വാതിലിലും കൂടി കടന്നു പോയജനങ്ങളുടെ സംഖ്യയേയും വല്ല വണ്ടിയും ചെന്ന നാഴികയും സൂക്ഷ്മത്തോടെ കാണിക്കുന്ന ഗതിയാളുകൾ ഉണ്ടു. അങ്ങിനെ ഒരു വണ്ടിക്കാരൻ ഒരു വണ്ടിയും കുതിരയും വാങ്ങി ഓരൊരുത്തൎക്കു കൂലിക്കു കൊടുത്തു എങ്കിലും ഓരൊ സമയം വണ്ടി എത്ര നാഴിക നടന്നു എന്നു അറിവാൻ വേണ്ടി അവൻ വണ്ടിയുടെ ഉള്ളിൽ ഒരു പെട്ടി ഉണ്ടാക്കി വണ്ടിചക്രം തിരിയിക്കുന്ന ഒരു ഗതിയാൾ വെക്കുകയും ചെയ്തു. ഇങ്ങിനെയുള്ള വണ്ടിക്കാരന്റെ കൌശലം അറിയാത്ത മൂന്നു ബാല്യക്കാർ ഒരു ദിവസം അവന്റെ അടുക്കൽ ചെന്നു മൂന്നു കാതം ദൂരമായ നഗരത്തിലേക്കു പോകുവാൻ വേണ്ടി അവന്റെ വണ്ടി ചോദിച്ചു കൂലി നിശ്ചയിച്ചു യാത്രയായി. വഴിക്കൽ വെച്ചു അവർ ൫ കാതം ദൂരമുള്ള വേറെ ഒരു നഗരത്തിലേക്കു പോകുവാൻ നിശ്ചയിച്ചു അവിടെ പോയി. പിന്നെ അവർ മടങ്ങി വന്നു വണ്ടി ഏല്പിച്ചു, കൂലി തീൎപ്പാൻ നിന്നപ്പോൾ വണ്ടിക്കാരൻ പെട്ടി തുറന്നു ബാല്യക്കാരോടു നിങ്ങൾ എത്ര ദൂരം പോയി എന്നു ചോദിച്ചതിന്നു ൬ കാതം എന്നു പറഞ്ഞാറെ അവൻ അല്ല നിങ്ങൾ ൫ കാതം പോയി എന്നു ചൊല്ലി പെട്ടിയിലുള്ള ഗതിയാളിനെ അവൎക്കു കാണിച്ചാറെ വണ്ടി ൧൦ കാതം നടന്നപ്രകാരം അവർ കണ്ടു നാണിച്ചു പോകയും ചെയ്തു. ഇപ്രകാരം നമുക്കു എല്ലാവൎക്കും നമ്മുടെ എല്ലാ പ്രവൃത്തികളെയും

വിചാരങ്ങളെയും എണ്ണി കണക്കാക്കുന്ന ഒരു യന്ത്രം ഉള്ളിൽ തന്നെ ഇരിക്കുന്നു. എവിടെ പോയാലും അതു കൂടെ പോരും. ഈ യന്ത്രത്തിന്നു ദൈവവചനം മനസ്സാക്ഷി എന്നു പേർ വിളിച്ചിരിക്കുന്നു. ചിത്രഗുപ്തൻ എന്ന ഒരു ആൾ ഉണ്ടെങ്കിൽ അവൻ ഈ സാക്ഷി യത്രെ. പിന്നെ ഇഹത്തിലുള്ള നമ്മുടെ ജീവയാത്ര തീരുമ്പോൾ ഉണ്ടാകുന്ന വിസ്താരദിവസത്തിൽ ഈ സാക്ഷിയും കൂട നിന്നു നമ്മുടെ പ്രവൃത്തികൾ ഒട്ടൊഴിയാതെ വെളിച്ചത്തിൽ കാണിക്കയും ചെയ്യും.

കാട്ടാളച്ചെക്കൻ.

കുറയക്കാലം മുമ്പെ വടക്കു ദിക്കുകളിൽ കുരുപിയും മുടി മുറു മുറുത്തും ജഡ പിടിച്ചും അഴുക്കുള്ള തുണിക്കണ്ടം അരയിൽ കെട്ടിയും ഏകദേശം പന്ത്രണ്ടു വയസ്സുമുള്ള ഒരു ചെക്കൻ ഒരു പാഠശാലയിൽ പ്രവേശിച്ചു കുട്ടികളെ പഠിപ്പിച്ചിരുന്ന മാതാമ്മയുടെ അരികെ ചെന്നു കവിണ്ണു വീണു: യേശുക്രിസ്തൻ ഇവിടെ ഉണ്ടൊ എന്നു തിണ്ണം വിളിച്ചു പറഞ്ഞു. അതിന്നു മാതാമ്മ: ക്രിസ്തനെ കൊണ്ടു നിണക്കു എന്തു ആവശ്യം എന്നു ചോദിച്ചാറെ അവൻ: ക്രിസ്തനെ കൊണ്ടു എനിക്കു വളരെ ആവശ്യം. ഏറിയൊന്നു അവനോടു പറവാൻ ഉണ്ടു. അയ്യൊ അവനെ കാണ്മാൻ കഴിയുമൊ? ഞാൻ കളവു പറഞ്ഞു, ഞാൻ കട്ടു, ഞാൻ പറഞ്ഞുകൂടാത്ത അനേകം മഹാപാപങ്ങളെയും ചെയ്തിരിക്കുന്നു. എന്നാൽ നരകത്തിൽ അകപ്പെട്ടുമല്ലൊ അതിൻ നിമിത്തം എനിക്കു വളരെ ഭയം കുടുങ്ങിയിരിക്കുന്നു. പിന്നെ നമ്മെ നരകത്തിൽനിന്നു രക്ഷിപ്പാൻ കഴിയുന്നവൻ യേശുവത്രെ എന്ന ഒരു വൎത്തമാനം ഞാൻ കേട്ടിരിക്കുന്നു എന്നു വളരെ വ്യസനത്തോടെ പറഞ്ഞ ശേഷം മാതാമ്മ ഹാ പ്രിയ കുട്ടിയെ! പാപത്തിൽ രസിച്ചും പുളച്ചും നില്ക്കുന്നവരെ യേശു നരകത്തിൽനിന്നു രക്ഷിക്കുന്നില്ല നിശ്ചയം എന്നു പറഞ്ഞാറെ, ചെക്കൻ എന്നാൽ ഞാൻ ഇനി പാപത്തിൽ രസിക്കയില്ല അതിനെ മുററും ഉപേക്ഷിച്ചു ശുദ്ധമുള്ളവനായി നടക്കേണം എന്നു ആഗ്രഹിക്കുന്നു. അതിന്നു ശക്തിയില്ല. അയ്യൊ കഷ്ടം ഞാൻ എന്തു വേണ്ടു? എന്നതിന്നു മാതാമ്മ: നീ യേശുവിന്റെ അടുക്കൽ വന്നാൽ എല്ലാം ആകും. നീ അവനെ ഇപ്പോൾ കണ്ണു കൊണ്ടു

കാണ്മാൻ കഴിയുന്നില്ല എങ്കിലും അവൻ നിന്നെ കാണും. നീ നിന്റെ സകല പാപങ്ങളെയും അവനു കൊടുത്താൽ അവൻ തന്റെ നീതിയെയും മഹത്വത്തെയും നിത്യജീവനെയും നിനക്കു തരും എന്നു പറഞ്ഞ ശേഷം ചെക്കന്റെ മുഖം എല്ലാം പ്രസാദിച്ചു ഞാൻ എന്നും യേശുവിന്റെ ആൾ ആയിരിക്കേണം എന്നു പറഞ്ഞു പിറ്റെ നാൾ മാതാമ്മയുടെ കല്പനപ്രകാരം ആ പാഠശാലയിൽ ചേൎന്നു പാൎത്തു. അന്നു തുടങ്ങി ആ ചെക്കൻ ദൈവവചനം പ്രമാണമാക്കി സൽക്രിയകളിൽ ഉത്സാഹിയായി നടന്നു ക്രിസ്തനാമത്തെ ജീവപൎയ്യന്തം അലങ്കരിച്ചു. പിന്നെ മരണം അടുത്തപ്പോൾ അവൻ സന്തോഷിച്ചു ഇപ്പോൾ കൎത്താവിനെ കണ്ണാലെ കാണ്മാൻ സമയമായല്ലൊ എന്നു ചൊല്ലി തന്റെ രക്ഷിതാവായ ദൈവത്തിന്റെ സ്വസ്ഥതയിലേക്കു പ്രവേശിക്കയും ചെയ്തു.

ശിഷ്ടലാഭം.

ജ്ഞാനമുള്ള തനയൻ പിതാവിനു മാനസാനന്ദമുണ്ടാക്കുവോനത്രെ।
മൂഢനായുള്ള നന്ദനനമ്മെക്കു ഗാഢമായുള്ള ഖേദമത്രെ സദാ॥
ദുഷ്ടതയാലെ ചേൎത്ത സമ്പത്തുകൾ കഷ്ടകാലത്തുപകരിക്കുന്നില।
ശുദ്ധയായുള്ള നീതി മനുഷ്യനെ ഉദ്ധരിക്കുന്നു മൃത്യുവിൽനിന്നഹൊ॥
നീതിയുള്ളൊരുവന്റെ ദേഹിക്കു ക്ഷുൽപിപാസാദി നല്കുകയില്ല യഹോവപൊരൽ।
ദുഷ്ടരായുള്ള മൎത്യരുടെ കൊതി പുഷ്ടരോഷേണ തട്ടിക്കളഞ്ഞിടും॥
തന്ദ്രിതങ്ങളായുള്ള കരങ്ങളാൽ തന്നുടെ വേല ചെയ്യൊൻ ദരിദ്രനാം।
നൈവ സംശയമുത്സാഹികളുടെ കൈവരുത്തുന്നു സമ്പത്തു സന്തതം॥
വേനൽക്കാലത്തു ശേഖരിക്കുന്നവൻ ജ്ഞാനമുള്ള തനൂജനത്രെ ദൃഢം।
കൊയ്ത്തുകാലെ ശയാലുവായുള്ളവൻ കുത്സിതനായ നന്ദനൻ നിൎണ്ണയം॥
ഉത്തമനായ നീതിമാന്നുണ്ടു തന്നുത്തമാംഗത്തിനഭ്യുപപത്തികൾ।
ദുഷ്ടരായ ജനങ്ങടെ വക്രങ്ങൾ പൂട്ടിവെക്കുന്നു സാഹസത്തെയഹൊ॥
നീതിമത്സ്മൃതിയാശിസ്സിനായത്രെ നീതിഹീനാഭിധാനം പുഴുത്തുപോം।
അകതാരിലറിവുള്ള പൂരുഷൻ സകലാജ്ഞയുമംഗീകരിച്ചിടും॥
വിടുവായനായുള്ളൊരു ഭോഷനു കൊടുതായുള്ള വീഴ്ച വരും ദൃഢം।
പരിപൂൎണ്ണതതന്നിൽ നടപ്പവർ ദരഹീനതതന്നിൽ നടന്നീടും॥
വികടാദ്ധ്വാക്കളുടെ നടപ്പവൻ പ്രകടീഭവിച്ചീടുമൊരുദിനം।
ദൃഷ്ടിമീലനം ചെയ്തിട്ടഭിനയം കാട്ടുവൊൻ വ്യസനത്തെ വരുത്തീടും॥
വിടുവായനായുള്ളൊരു ഭോഷനു കൊടുതായുള്ള വീഴ്ചവരും ദൃഢം।
ശിഷ്ടവക്ത്രമൊ ജീവന്റെ നിൎഝരം ദുഷ്ടവക്ത്രത്തെ മൂടുന്നു സാഹസം॥
വമ്പിണക്കമുണ്ടാക്കുന്നിതു പകയന്പു ലംഘനത്തെ മറെച്ചീടുന്നു।

ജ്ഞാനമുണ്ടു വിവേകിതന്നാനനെ ജ്ഞാനഹീനന്നുയഷ്ടിമുതുകിന്നാം ||
വ്യൂഢമാക്കുമറിവിനെ ജ്ഞാനികൾ മൂഢവക്ത്രമടുത്തൊരു നാശമാം |
ധനവാന്നുള്ള സമ്പത്തവന്നുടെ ഘനദാൎഢ്യം കലൎന്ന നഗരമാം ||
എളിയോരുടെ നാശമൊ തങ്ങടെ വെളിവായുള്ള ദാരിദ്ര്യമത്രെയാം |
ശിഷ്ടലാഭമൊ ജീവനായിട്ടുള്ള ദുഷ്ടലാഭമംഹസ്സിലെക്കത്രെ പോൽ ||
ജീവമാൎഗ്ഗമാകുന്നതൊ ശിക്ഷയെ കേവലം കാത്തുകൊള്ളുന്ന പൂരുഷൻ |
ശാസനത്തെ പരിത്യജിക്കുന്നവൻ മോശമാൎന്നു തെററിപ്പോകമത്രെ പോൽ ||
ചതിവായനത്രെ പകമൂടുവൊനതിവൈധെയനേഷണി കൂട്ടുവൊൻ |
ബഹുവാക്കു കഥിക്കുകിൽ ദുഷ്കൃതം നഹിയെന്നു വരുത്തുകില്ലൊട്ടുമെ ||
അധരോഷ്ഠങ്ങളെയടക്കീടുവൊൻ ബുധനെത്രയുമില്ലകില്ലേതുമെ |
ശിഷ്ടജിഹ്വ പാൽവെള്ളിയാകുന്നിതു ദുഷ്ടഹൃത്തുവില കുറഞ്ഞൊന്നത്രെ ||
നീതിമാന്റെ ചിരി പലരെ പരിപാതിഭോഷനാൽ പൊട്ടർമരിക്കുമെ |
പരമേശനാം യാഹിന്നനുഗ്രഹം വരസമ്പത്തിനെ വരുത്തുന്നിതു ||
അതിനൊടൊപ്പായവനെന്നുമെ വ്യസനം കൂട്ടി വെക്കുകയില്ലല്ലൊ |
ബാലിശന്മാൎക്കു പാതകം ചെയ്യുതു ഖേലനമെന്നപോലെയാകുന്നിതു ||
ബുദ്ധിമത്താം വിവേകിക്കുതന്നുടെ ചിത്തതാരിലറിവുണ്ടു നിൎണ്ണയം |
ദുഷ്ടനുതൻഭയം തന്നെ തന്റെ മേൽ തട്ടുമെന്നതു തിട്ടമായുള്ളപോൽ ||
ചിത്തവാഞ്ഛിതം ശിഷ്ടജനത്തിന്നു ദത്തമായീടുമല്ലൊ യഹോവയാൽ |
ചക്രമാരുതൻ പൊയ്യെട്ടുംവണ്ണമെ അക്രമിദുഷ്ടനില്ലാതെയായിടും ||
ഗാഢമായുള്ളടിസ്ഥാനമെന്നപോലീട്ടു നില്ക്കുന്നു നീതിമാൻ നിത്യവും |
പല്ലുകൾക്കു ചൊറുക്കയെപോലെയും കണ്ണുകൾക്കു പുകയെന്നപോലെയും ||
തന്നെവല്ലേടവുമയച്ചുള്ളൊൎക്കു തന്ദ്രിയുള്ള മനുഷ്യനാകുന്നിതു |
ആശയെ യഹോവാഭയമുള്ളവൻ വാസരങ്ങളെ നീട്ടിവെക്കുന്നിതു ||
ദുഷ്ടരായ ജനങ്ങടെയാണ്ടുകൾ കഷ്ടമേററം ചുരുങ്ങി കുറഞ്ഞുപോം |
നീതിമാന്റെ പ്രതീക്ഷ സന്തോഷമാം നീതിഹീനന്റെ പ്രത്യാശ കെട്ടുപോം ||
ഉത്തമൎക്കു ശരണം യഹോവതൻ പദ്ധതിയക്രമിക്കതു നാശമാം |
നീതിമാൻ കുലുങ്ങുന്നീലൊരിക്കലും നീതിഹീനനവനിയിൽ പാൎത്തിടാ ||
നീതിയുള്ളവന്തന്നുടെ വായഹോ നീതിയെ തെഴുപ്പിക്കുന്നു മേല്ക്കുമേൽ |
നീതിയററ മറിപ്പുററനാവുകൾ ഛേദിതങ്ങളായ്യുന്നു കൂട്ടും ദൃഢം ||
ശിഷ്ടരായ ജനങ്ങടെ ചുണ്ടുകളിഷ്ടമായുള്ളവറെറയറിയുന്നു |
ദുഷ്ടമൎത്ത്യന്റെ വായോൎത്തുകാണുകിൽ കഷ്ടമയ്യൊ മറിപ്പുകളത്രെയാം ||

ക്ഷുദ്രപ്രയോഗം.

പണ്ടു ഇതല്യരാജ്യത്തിൽ പാൎക്കുന്ന ക്രസിൻ എന്നൊരു കൃഷിക്കാരന്റെ ഭൂമികൾ ഏററവും നന്നായി വിളയുന്നതിനെ സമീപസ്ഥന്മാർ കണ്ടു ആശ്ചൎയ്യപ്പെട്ടു, തങ്ങളുടെ നിലങ്ങൾ ഏകദേശം പാഴായി കിടക്കുമ്പോൾ ഇവന്റെ സ്ഥലങ്ങൾ അത്യന്തം

അനുഭവം കൊടുക്കുന്നതു എങ്ങിനെ? അവന്റെ മണ്ണിൽ വല്ല വിശേഷത്വം ഉണ്ടോ? അല്ല ഇതിന്റെ ഹേതു എന്തു എന്നു തമ്മിൽ വിചാരിച്ചു സംസാരിച്ചപ്പോൾ, ദൈവത്താണെ ഇവൻ ക്ഷുദ്രക്കാരൻ ആയിരിക്കേണം, അല്ലാഞ്ഞാൽ ഈ കാൎയ്യം നടക്കുകയില്ല നിശ്ചയം എന്നു ചിലർ ഉണൎത്തിച്ചാറെ, ക്രസിൻ ക്ഷുദ്രക്കാരൻ അത്രെ എന്നു എല്ലാവൎക്കും സമ്മതമായി. എന്നാൽ ആ രാജ്യത്തിൽ ക്ഷുദ്രപ്രയോഗം സൎക്കാർ വിരോധം ആകകൊണ്ടു, അവന്റെ പകയർ അവന്റെ പേരിൽ അന്ന്യായം ബോധിപ്പിച്ചു. അങ്ങിനെയുള്ള അന്ന്യായം ന്ന്യായാധിപതിമാർ ഏററു അന്ന്യായപ്രതികളെയും കക്ഷികളെയും ആസ്ഥാനത്തിലേക്കു വിളിച്ചപ്പോൾ ക്രസിൻ ബഹു ആരോഗ്യമുള്ള മകളെയും പുഷ്ടി ഏറിയ തന്റെ കന്നുകാലികളെയും കൃഷിപ്പണിക്കോപ്പുകളെയും കൂട്ടിക്കൊണ്ടു വിസ്താരസ്ഥലത്തേക്കു ചെന്നു. പിന്നെ വിസ്താരം തുടങ്ങി, നിങ്ങളുടെ സാമീപസ്ഥന്മാരുടെ വിളഭൂമികളിൽ അല്പം അനുഭവം മാത്രം കാണുകയും, നിങ്ങൾക്കു ഇത്ര വലിയ അനുഭവം ഉണ്ടാകുന്നതു എങ്ങിനെ എന്നു ന്ന്യായാധിപതിമാർ ചോദിച്ചപ്പോൾ, ക്രസിൻ തന്റെ മകളെ വിളിച്ചു കാട്ടി, ഇതാ എന്റെ വിളഭൂമികളിലുള്ള പുല്ലു എല്ലാം ഇവൾ പറിച്ചുകളയും. പിന്നെ ഞാൻ നല്ല സൂക്ഷ്മത്തോടും പ്രയാസത്തോടും കൂട പോററി വളൎക്കുന്ന എന്റെ മൂരികളെ കൊണ്ടു തക്കത്തിൽ ഉഴുകയും കൈക്കൊത്തു എടുത്തു നന്നായി കൊത്തി നിലത്തെ ഇളക്കി വളം ചേൎത്തു വിത്തു വാളുകയും ചെയ്യുന്നു. ഇതത്രെ എന്റെ ക്ഷുദ്രപ്രയോഗം. ആയതിന്നു ഈ സന്നിധാനത്തിൽനിന്നു ഏതു ശിക്ഷയും കല്പിച്ചാൽ അനുഭവിച്ചു കൊള്ളാം. എന്നാൽ ഞാൻ ഒന്നും കൂടി പറയട്ടെ എന്റെ അയല്ക്കാർ തങ്ങളുടെ നിലങ്ങളിൽ എന്നെ പോലെ പ്രയത്നം ചെയ്താൽ, അവൎക്കും ഇതുപ്രകാരം തന്നെ അനുഭവം ഉണ്ടാകും. പരീക്ഷിച്ചു നോക്കിയാലും, എന്നു ക്രസിന്റെ പ്രത്യുത്തരം കേട്ട ശേഷം ഇത്ര നല്ല വ്യവഹാരം ഈ കോടതി മുഖാന്തരം ഇതുവരെയും നടന്നില്ല എന്നു ന്ന്യായാധിപതിമാർ ചൊല്ലി അവനെ നന്നായി മാനിച്ചു ആദരഭാവത്തോടെ വിട്ടയക്കുകയും ചെയ്തു.

ഒരു വൈദ്യൻ.

ഈ കഴിഞ്ഞ ൧൮൭൦ ജൂലായി ൧൯ാം തിയ്യതി തുടങ്ങി ൧൮൭൧ ഫിബ്രുവരി ൨൬ാം തിയ്യതി വരെയും, പരന്ത്രീസിലും ജൎമ്മനിക്കാരിലും നടന്ന ഭയങ്കരമുള്ള യുദ്ധത്തിന്റെ ഓരൊ വൎത്തമാനങ്ങൾ ഈ രാജ്യത്തിലും എത്തിയല്ലൊ. പരന്ത്രീസ ചക്രവൎത്തിയായ മൂന്നാം നപ്പൊല്യൻ പ്രുശ്യ രാജാവായ മൂന്നാം വില്യമിന്നു വിരോധമായി യുദ്ധപരസ്യം പ്രസിദ്ധപ്പെടുത്തിയ ശേഷം, ആ ദൈവഭക്തിയുള്ള രാജാവു തന്റെ സകല പ്രജകൾക്കും ഒരു പ്രാൎത്ഥന ദിവസം കല്പിച്ചു, താനും അവരുമായി ദൈവകൃപയെയും സഹായത്തെയും പൂൎണ്ണഹൃദയത്തോടെ അന്വേഷിച്ചാറെ, മകനും പല പ്രഭുക്കന്മാരും സേനാപതിമാരും മഹാ സൈന്യവും യുദ്ധസന്നാഹങ്ങളുമായി പുറപ്പെട്ടു, പരന്ത്രീസു രാജ്യത്തിൽ പ്രവേശിച്ചു, അനേകം ഭയങ്കരപ്പടകളിൽ ശത്രുഗണങ്ങളെ അപജയപ്പെടുത്തി മൂന്നു ലക്ഷത്തോളം പടയാളികളെയും സേനാപതിമാരെയും ചക്രവൎത്തിതാനെയും പിടിച്ചു, തടവിൽ ആക്കി ജൎമ്മനിരാജ്യത്തിൽ കടത്തി പാൎപ്പിച്ചു, ഏറിയൊരു കോട്ടകളെയും നഗരങ്ങളെയും രാജ്യത്തിന്റെ ഒരു വലിയ അംശത്തെയും മൂലസ്ഥാനമായ പറീസ് പുരിയെയും സ്വാധീനമാക്കിയ ശേഷം, ഇരുപക്ഷക്കാരും തമ്മിൽ സന്ധിച്ചതും, സന്ധികാരണങ്ങളും വിവരങ്ങളും, ഇരുപക്ഷത്തിൽ പട്ടുപോയവരുടെ സംഖ്യയും അവസ്ഥയും ഇങ്ങിനെയുള്ളതു എല്ലാം അല്പം അല്പമായി വൎണ്ണിപ്പാൻ ഇപ്പഞ്ചാംഗത്തിൽ സ്ഥലം പോരാ. പക്ഷെ മറെറാരു വിധത്തിൽ ആ വൃത്താന്തങ്ങൾ ഒക്കയും വിവരിച്ചു പ്രസിദ്ധപ്പെടുത്തേണ്ടതിന്നു സംഗതി ഉണ്ടാകും. ഇന്നു ആ യുദ്ധഭൂമിയിൽനിന്നു നേരെ ദൈവലോകത്തിലേക്കു ചെന്നിട്ടുള്ളവരുടെ സമൂഹത്തിൽ ഒരുവന്റെ ചരിത്രം ചുരുക്കത്തിൽ പറയുന്നുള്ളൂ. അഫ്രിക്കഖണ്ഡത്തിൽ പാൎത്തിരുന്ന ഒരു ധനവാനായ കാഫ്രിയുടെ ഒമ്പതു വയസ്സുള്ള മകൻ യേശുവിന്റെ അവസ്ഥ കേട്ടു, പൂൎണ്ണമനസ്സുകൊണ്ടു അവനിൽ വിശ്വസിച്ചു, സ്നാനത്തിൽ ദവിസ എന്നു പേർ ഏല്ക്കയും ചെയ്തു. പ്രായം ചെന്നപ്പോൾ അവൻ വൈദ്യം പഠിക്കേണം എന്നു നിശ്ചയിച്ചു, ഇങ്ക്ലാന്തിലേക്കു പോയി. അവിടെ പാൎക്കുമ്പോൾ അവന്റെ വിദ്യയും സാമൎത്ഥ്യവും വൎദ്ധിക്കും അളവിൽ, അവന്റെ വിശ്വാസവും വിനയവും

ദൈവസ്നേഹവും വൎദ്ധിക്കയും ചെയ്കതിനാൽ, അവൻ തന്നെ അറിയുന്നവൎക്ക എല്ലാവൎക്കും എത്രയും പ്രിയമുള്ളവനായി തീൎന്നു. പഠിപ്പു തീൎന്നാറെ അവൻ കൊടുത്ത പരീക്ഷയാൽ മഹാ കീൎത്തിതനായി വരികകൊണ്ടു അവനു ഇങ്ക്ലാന്തിൽ തന്നെ ഒരു ഉദ്യോഗം കിട്ടി, കുറയ നാൾ ഒരു ആസ്പത്രിയിൽ വിശ്വാസത്തോടെ വേല എടുത്ത ശേഷം, അവനു ഒരു രാജവിദ്യാശാലയിൽ മഹാ ഗുരുവിന്റെ സ്ഥാനം സാധിച്ചു. അക്കാലം പരന്ത്രീസ യുദ്ധത്താൽ വന്ന മഹാ നാശങ്ങളുടെ വൃത്താന്തങ്ങൾ ഇങ്ക്ലന്തിൽ എത്തി. ആ സങ്കടമുള്ള വൎത്തമാനങ്ങളെ അവൻ വായിച്ചു അറിഞ്ഞാറെ, ഇതു എല്ലാം കേട്ടറിഞ്ഞാൽ എന്തു അല്പം ക്ലേശിച്ചു കുറയ പണം ആ നാശങ്ങളെ അനുഭവിക്കുന്നവരുടെ ആശ്വാസത്തിന്നായി അയച്ചാലും എന്തു ഫലം. ഞാൻ വൈദ്യൻ അല്ലയൊ? ദൈവം എനിക്ക പ്രാപ്തിയെയും ധനത്തെയും തന്നുവല്ലൊ എന്റെ പുതിയ സ്ഥാനം ഏല്ക്കുന്നതിന്നു രണ്ടു മൂന്നു മാസം ഇട ഉണ്ടല്ലൊ. എന്നാൽ ഞാൻ തന്നെ ചെന്നു ആ ദുഃഖിക്കുന്നവരിൽ ഏതാൻ ചില ആളുകളെ ആശ്വസിപ്പിക്കും എന്നു ചൊല്ലി, പരന്ത്രീസിലെക്ക പുറപ്പെട്ടു. മൂന്നാം നപൊല്യൻ തന്റെ സൈന്യത്തോടെ പ്രുശ്യരുടെ കൈയിൽ അകപ്പെട്ട സെദാൻ കോട്ടയിൽ എത്തി, അതിന്റെ സമീപത്തുള്ള പൊന്തമാഗിസ എന്ന സ്ഥലത്തിൽ ഒരു ആസ്പത്രിയെ സ്ഥാപിച്ചു, ഇരുനൂറു മുന്നൂറു മുറി ഏററവരെയും ദീനക്കാരെയും ചേൎത്തു പാൎപ്പിച്ചു, അവരെ ഒർ അഛ്ശന്റെ വാത്സല്യംകൊണ്ടും, ഒരു രാജാവിന്റെ ഐശ്വൎയ്യം കൊണ്ടും പോററി, ദേഹങ്ങൾക്ക ചികിത്സിക്കുന്നപ്രകാരം ദേഹികൾക്കും സൌഖ്യം വരുത്തുവാൻ ആവോളം യത്നിക്കയും ചെയ്തു. എങ്കിലും അവൻ തന്റെ ദീനപ്പുരയിലെ രോഗികളെ മാത്രമല്ല, മററെ സ്ഥലങ്ങളിലുള്ളവരെയും നോക്കി വിചാരിച്ചു കഴിയുന്നെടത്തോളം സഹായിച്ചു. യുദ്ധത്താൽ ആ നാട്ടുകാൎക്ക വന്ന സങ്കടവും ദാരിദ്ര്യവും അവൻ കണ്ടു, മൂന്നു ഗ്രാമങ്ങളിൽനിന്നു ദിവസേന വിശന്നിരിക്കുന്നവൎക്ക കഞ്ഞിയും അപ്പവും ഇറച്ചിയും കൊടുപ്പിച്ചു, അവരുടെ വ്യസനത്തെ ശമിപ്പിച്ചു. ഇങ്ങിനെ നടന്ന കറുത്ത വൈദ്യനെ ആ സ്ഥലത്തുള്ള എല്ലാ മനുഷ്യരും സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തു, പ്രത്യേകം ദരിദ്രരും രോഗികളും അവനെ ഒർ അഛ്ശനെ പോലെ വിചാരിക്കയും ചെയ്തു എന്നു പറവാൻ ഉണ്ടൊ. ഇങ്ങിനെ ദവിസ വൈദ്യൻ രണ്ടു മാസം മുഴുവനും പരന്ത്രീസിൽ താൻ വിശ്വസിച്ച ദൈവത്തെ മഹ

തപ്പെട്ടത്തിയ ശേഷം, വസൂരിദീനം ആ സ്ഥലത്തിൽനിന്നു ഇളകി. അങ്ങിനെയുള്ള രോഗികളെയും കൂട മറ്റെവരെ പോലെ അവൻ വിചാരിച്ചു അവൎക്കും ചികിത്സിക്കയും ചെയ്കതിനാൽ, ആ ദീനം തനിക്കും പകൎന്നു. അതിനാൽ അവൻ അല്പം ചില ദിവസങ്ങൾ ബഹു കഷ്ടം അനുഭവിച്ചശേഷം, മരിച്ചു താൻ സ്നേഹിച്ച കൎത്താവിന്റെ അടുക്കൽ പോകയും ചെയ്തു. അപ്പോൾ എല്ലാ ജനങ്ങൾക്കും മഹാ സങ്കടം ഉണ്ടായി. ശവത്തെ എടുക്കുമ്പോൾ വലിയവരും ചെറിയവരുമായ ബഹു ജനസമൂഹം കൂടി പോയി, അനേകം പേരും പ്രത്യേകം ദരിദ്രക്കാരും കണ്ണുനീർ വാൎത്തു വാൎത്തു കല്ലറയുടെ അരികെ നിന്നു കരഞ്ഞു. ഇങ്ങിനെ ആ സങ്കടമുള്ള യുദ്ധസ്ഥലത്തിൽ ൨൭ വയസ്സുള്ള ഒരു കാഫ്രി സമാധാനത്തിന്റെ ഒരു ദൂതനായി നടന്നു, ദുഃഖിതന്മാൎക്കു വേണ്ടി ഈ ലോകത്തിൽ തനിക്കുണ്ടായ മഹത്വത്തെ മാത്രമല്ല തന്റെ ജീവനെയും കൂട ഉപേക്ഷിച്ചതു ആശ്ചൎയ്യമല്ലയൊ? അതു ക്രിസ്തുവിന്റെ സ്നേഹം എന്നേ വേണ്ടു. കൎത്താവിൽ ചാകുന്ന മൃതന്മാർ ഇന്നു മുതൽ ഭാഗ്യവാന്മാർ എന്നു എഴുതുക. അതെ അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്നു ഒഴിഞ്ഞു തണുക്കേണ്ടതു, അവരുടെ ക്രിയകൾ അവൎക്കു പിഞ്ചെല്ലുകയും ചെയ്യുന്നു എന്നു ആത്മാവു പറയുന്നു. വെളിപ്പാടു ൧൪, ൧൩ എന്നുള്ള ദൈവവചനത്തിൽ ദിവസ വൈദ്യരുടെ ലാഭവും സമ്പാദ്യവും ഇതാ കാണുന്നു.

ടപ്പാൽക്രമങ്ങൾ.

കത്തു പുസ്തകം ഭാണ്ഡം എന്നിവയുടെ തൂക്കത്തിൻ
പ്രകാരം ടപ്പാൽക്കൂലിവിവരം.

൧. കത്തു.

തൂക്കം.			മുദ്രവില.
൴ ഉറുപ്പികത്തൂക്കം ഏറാത്തതിന്നു			പൈ ൬.
൧ ഉറു.	„	„	അണ ൧.
൨ ഉറു.	„	„	„ ൨.
൩ ഉറു.	„	„	„ ൩.
൪ ഉറു.	„	„	„ ൪.

ഇങ്ങിനെ ഓരൊ അര ഉറുപ്പികയുടെയും അതിന്റെ വല്ല അംശത്തിന്റെയും തൂക്കം കയറുന്നതിന്നു ഓരോ അണയുടെ വില ഏറുകയും ചെയ്യും. ഒരു കത്തിന്നു വെച്ച മുദ്ര പോരാതെയായ്വന്നാൽ ആ പോരാത്ത മുദ്രയുടെയും ന്യായമായ കൂലിയുടെയും ഭേദത്തെ കത്തു വാങ്ങുന്നവർ ഇരട്ടിപ്പായി കൊടുക്കേണ്ടി വരും. മുദ്ര ഇല്ലാത്ത കത്തിന്നു ഇരട്ടിച്ച കൂലി ഉണ്ടു താനും. ൧൨ ഉറുപ്പിക തൂക്കത്തിന്നു ഏറുന്നവ ഭാണ്ഡടപ്പാൽ നടക്കുന്ന കച്ചേരികളിൽ കത്തു എന്നു വെച്ച എടുക്കയില്ല; ഭാണ്ഡത്തിൽ അത്രെ ചേൎക്കുന്നുള്ളു. ഭാണ്ഡമില്ലാത്ത കച്ചേരികളിൽ എടുക്കയും ചെയ്യും.

൨. പുസ്തകം.

പുസ്തകം വൎത്തമാനക്കടലാസ്സു മുതലായ എഴുത്തുകളും മറ്റും ചെറുവക സാമാനങ്ങളും ടപ്പാൽ വഴിയായി അയപ്പാൻ വിചാരിച്ചാൽ, അവറ്റെ രണ്ടുപുറത്തും തുറന്നിരിക്കുന്ന മെഴുത്തുണിയിൽ കെട്ടി, "പുസ്തകടപ്പാൽ" എന്ന വാക്കിനെ തലക്കൽ എഴുതേണം. എന്നാൽ ൧൦ ഉറുപ്പിക (൳ റാത്തൽ) തൂക്കം ഏറാത്തതിന്നു ഒർ അണയുടെയും ൨൦ ഉറുപ്പികത്തൂക്കം ഏറാത്തതിന്നും രണ്ട് അണയുടെയും മുദ്രയെ പതിക്കേണം. പിന്നെ പത്തുപത്തു ഉറുപ്പികയൊ പത്തു ഉറുപ്പികയുടെ വല്ല അംശമോ കയറുന്ന തൂക്കത്തിന്നു ഓരോ അണ ടപ്പാൽ കൂലിയും കയറും. (പത്തു ഉറുപ്പിക ശരിയായ തൂക്കമുള്ള പുസ്ത

കത്തിന്റെ കൂലി ൧ അണ എങ്കിലും പത്തു ഉറുപ്പികത്തൂക്കത്തിൽ ഒരു രോമംപോലും ഏറുന്നതിന്നു രണ്ടു് അണ). ൨൦൦ ഉറുപ്പിക തൂക്കത്തിൽ അധികമുള്ള പുസ്തകത്തെ എടുക്കുന്നില്ല. മുദ്ര വെക്കാതെ ഈ ടപ്പാൽ വഴിയായി ഒന്നും അയച്ചു കൂടാ. എന്നാൽ ഈ ഇങ്ക്ലിഷ് സൎക്കാൎക്കു അധീനമായിരിക്കുന്ന ഹിന്തുരാജ്യങ്ങളുടെ ഏതു സ്ഥലത്തിലേക്കും മേല്പറഞ്ഞ തൂക്കമുള്ള കത്തിന്നും പുസ്തകത്തിന്നും മേല്പറഞ്ഞ കൂലിയും മതി. കണ്ണൂരിലേക്കും കാശിയിലേക്കും ഒക്കുന്ന തൂക്കത്തിന്നും ഒക്കുന്ന കൂലിയും വേണം.

൩. ഭാണ്ഡം.

ഉറുപ്പിക തൂക്കം.										
൧൦ തൂക്കത്തിൽ ഏറാത്തതിന്നു	൧൦	൨൦	൩൦	൪൦	൫൦	൬൦	൭൦	൮൦	൯൦	൧൦൦
	ഉ. അ. ൦ ൩	ഉ. അ. ൦ ൬	ഉ. അ. ൦ ൯	ഉ. അ. ൦ ൧൨	ഉ. അ. ൦ ൧൫	ഉ. അ. ൧ ൨	ഉ. അ. ൧ ൫	ഉ. അ. ൧ ൮	ഉ. അ. ൧ ൧൧	ഉ. അ. ൧ ൧൪

ഇങ്ങിനെ അയക്കുന്ന കെട്ടുകളിൽ ഒരു കത്തിനെ മാത്രം വെക്കാം; അധികം കത്തുകളെ വെച്ചാൽ ൫൦ ഉറുപ്പികയോളം പിഴ ഉണ്ടാകും. എന്നാൽ കെട്ടിനെ മെഴുത്തുണികൊണ്ടു നല്ല വണ്ണം പൊതിഞ്ഞു അരക്കു് കൊണ്ടു മുദ്രയിട്ടും "ഇതിൽ റെഗ്യുലേഷിന്നു വിപരീതമായി ഏതുമില്ല" എന്നു തലക്കൽ ഒരു എഴുത്തും അയക്കുന്നവരുടെ പേരും ഒപ്പും വെക്കുകയും വേണം. മേല്പറഞ്ഞ കൂലി പണമായിട്ടൊ മുദ്രയായിട്ടൊ കൊടുക്കുന്നതിൽ ഭേദം ഇല്ല. കൂലി കൊടുക്കാതെ അയച്ചാൽ വാങ്ങുന്നവർ ഈ കൂലി തന്നെ കൊടുത്താൽ മതി.

൧ാം പട്ടിക.

പുകവണ്ടി.



വേപ്പൂർ തൊട്ടു ചിന്നപട്ടണം വരെക്കും കിഴക്കു പടിഞ്ഞാററൻ ഇരിമ്പു പാതയിൽ കൂടിയ പുകവണ്ടി വലികൾ കിഴക്കോട്ടു പോയാൽ.

മൈല്ലു വേപ്പൂരിൽനിന്നു.	പുകവണ്ടി സ്ഥാനങ്ങൾ.	C ആഴ്ചതോറും. ൧, ൨, ൩ തരവും	൧, ൨ തരവും	൩. തരം.	ചരക്കു.	൧, ൨, ൩ തരം.	ഞായറാഴ്ചയിൽ B മാത്രം ൧, ൨, ൩. തരവും	൧, ൨, ൩ തരം.
		ഉ. മു.	ഉ. തി.				ഉ. മു.	
	വേപ്പൂർ . . പു. .	8 15	12 30	—	—	—	8 15	
$8\frac{4}{3}$	പരപ്പനങ്ങാടി . . .	8 45	1 0	—	—	—	8 45	
$13\frac{4}{3}$	താനിയൂർ	9 2	1 18	—	—	—	9 2	
$18\frac{4}{3}$	തിരൂർ . . വ. .	9 20	1 35	—	—	—	9 20	
	പു. .	9 25	1 40	—	—	—	9 25	
28	കുററിപ്പുറം	9 55	2 12	—	—	—	9 55	
$39\frac{1}{2}$	പട്ടാമ്പി	10 28	2 50	—	—	—	10 28	

—— എന്ന കറി വണ്ടിതാമസിക്കുന്നു എന്നു കാണിക്കുന്നു.
വ. എന്നതു വണ്ടി വരവു.
പു. ,, വണ്ടി പുറപ്പാടു.
ഉ. മു. ,, ഉച്ചെക്കു മുമ്പെ.
ഉ. തി. ,, ഉച്ച തിരിഞ്ഞിട്ടു.

28	കററിപ്പുറം	9 55	2 12	—	—	—	9 55		
39½	പട്ടാമ്പി	10 28	2 50	—	—	—	10 28		
46¾	ചെറുവണ്ണൂർ. വ. .	—	3 20	—	—	—	—		
	പു. .	10 58	3 30	—	—	—	10 58		
54¾	ഒററപ്പാലം. . . .	11 31	4 0	—	—	—	11 31		
59¾	ലക്കടി.	11 48	4 15	—	—	—	11 48		
68½	പറളി	12 * 16	4 40	—	—	—	12 * 16		* ഉ. തി.
74¼	പാലക്കാട്ട . വ. .	12 36	4 57	—	—	—	12 36		
	പു. .	12 50	5 5	—	—	—	12 50		
82¾	കഞ്ചിക്കോട്ട . വ. .	1 20	—	—	—	—	1 20		
	പു. .	1 30	5 30	—	—	—	1 30		
89¾	വാളയാറു	2 0	6 0	—	—	—	2 0		
98¼	മടിക്കരൈ. . . .	2 40	6 40	—	—	—	2 40		
104½	കോയമ്പുത്തൂർ, വ. .	3 0	7 0						
				ഉ. മു.		ഉ. തി.		ഉ. തി.	C കോയമ്പത്തൂരിൽനിന്നു ചോലാപ്പേട്ടെക്കു ൩ാം തരക്കാരേയും എടുക്കും.
	പു. .	3 30	—	8 0	—	4 15	3 30	4 15	
120¼	സോമനൂർ. . . .	4 10	—	8 41	—	4 55	4 10	4 55	
131¼	അവനാശി. . . .	4 43	—	9 23	—	5 25	4 43	5 25	
139¾	ഊത്തുകളി. . . .	5 9	—	9 53	—	5 50	5 9	5 50	
154	പെറന്തുറി. . . .	5 50	—	10 55	—	6 30	5 50	6 30	
163¼	ഠരംരോട്ടു . . വ. .	6 13	—	11 30	—	6 50	6 13	6 50	
	തിരുച്ചിറാപ്പള്ളി വ.	ഉ. തി.	—	—	—	ഉ. തി.	—	ഉ. തി.	
	നാഗപട്ടണം വ.	7 0	—	—	—	1 53	—	1 53	
			—	—	—	6 15	—	6 15	

൧ാം പട്ടിക.

വേപ്പൂർ തൊട്ടു ചിന്നപട്ടണം വരെക്കും കിഴക്കു പടിഞ്ഞാററൻ ഇരിമ്പു പാതയിൽ കൂടിയ പുകവണ്ടി വലികൾ കിഴക്കോട്ടു പോയാൽ.

മൈല്സ വേപ്പൂരിൽനിന്നു.	പുകവണ്ടിസ്ഥാനങ്ങൾ.	C ആഴ്ചതോറും.					ഞായറാഴ്ചയിൽ B മാത്രം.		
		൧, ൨, ൩ തരവും.	൧, ൨ തരവും.	൩ തരം.	ചരക്കു.	൧, ൨, ൩ തരം.	൧, ൨, ൩ തരവും.	൧, ൨, ൩ തരം.	
	ഠരംരോട്ടു . പു. .	6 45	—	12*25	—	7 5	6 45	7 5	* കൊടികത്തികണ്ടെങ്കിലെ നിത്തും.
175¾	ചങ്കിലിത്തുക്കം . . .	7 30	—	1 15	—	7 50	7 30	7 50	
186½	മക്ക്ഡാനൽ ചാവടി . .	*	—	1 50	—	8 30	*	8 30	* ഉ. തി.
199½	ചേലം . . വ. .	8 35	—	2 30	—	9 5	8 35	9 5	
	പു. .	9 0	—	3 15	—	9 45	9 ‡ 0	9 45	‡ ൧. ൨ തരവും ടപ്പാലും.
214	ശിവരായമല . . .	9 45	—	4 5	—	10 25	9 45	10 25	
226	മല്ലാപ്പുറം	10 35	—	5 10	—	11 10	10 35	11 10	
240¼	മോറാപ്പുറം . . .	—	—	6 0	—	11 50	—	11 50	
255	ശാമൽപട്ടി. . . .	12 † 5	—	6 50	—	12†30	12 † 5	12 † 30	† ഉ. തി.
269½	തിരുപ്പത്തൂർ . . .	12 50	—	7 40	—	1 5	12 50	1 5	
274¼	ചോലാപ്പേട്ട ഏപ്പ്. വ	1 5	—	8 0	—	1 20	1 5	1 20	
358¾	വെങ്കളൂർ . വ. .	ഉ. മ്മ. 1 0	—	—	—	ഉ. തി. 6 30	ഉ. മ്മ. 7 0	ഉ. തി. 6 30	

358¾	വെങ്കളൂർ . വ. .	ഉ. മി. 1 0	—	—	—	ഉ. തി. 6 30	ഉ. മി. 7 0	ഉ. തി. 6 30

				ചരക്ക					
	ചോലാപ്പേട്ട എപ്പ്. വ	1 30	—	8 45	—	1 40	1 30	1 40	
283½	വാണിയമ്പാടി. . .	2 0	—	—	—	2 0	2 0	2 0	
293½	അമ്മൂർ.	2 33	—	—	—	2 25	2 33	2 25	
300¾	മേൽപട്ടി	—	—	—	—	—	—	2 40	
310½	കടിയേത്തം . . .	—	—	11 15	—	3 5	—	3 5	
325¾	വേലൂർ. . . വ. .	4 12	—	12*15	—	3 40	4 12	3 40	* ഉ. തി.
	പു. .	4 20	—	12 30	—	3 50	4 20	3 50	
333	തിരുവല്ലം	—	—	—	—	—	—	4 8	
341¼	ആക്കാട്ട	5 10	—	1 22	—	4 25	5 10	4 26	
350½	ചോളിയങ്കപുരം , .	—	—	—	—	—	—	4 48	
363¾	അറകോണം.എപ്പ്. വ.	6 15	—	2 40	—	5 10	6 15	5 10	
625¾	ബല്ലാരി . . വ. .	—	—	7 30	—	—	—	—	
670¾	രായിച്ചൂർ . വ. .	—	—	10 20	—	—	—	—	
	അറകോണം എപ്പ് പു.	6 25		3 30		5 20	6 25	5 20	
370¼	ചിന്നമ്മപ്പേട്ട . . .	6 43		—		—	6 43	5 35	
376¾	കടമ്പത്തൂർ. . . .	—		—		—	—	5 50	† ഉ. തി.
380½	തിരുവള്ളൂർ	7 15		—		6 0	7 15	6 0	
388½	തിന്നനൂർ	—		—		6 19	7 34	6 19	B അറക്കോണം, ആവടി,
393¼	ആവടി	7 45		—		—	7 45	6 32	പിറമ്പൂർ എന്നിസ്ഥലങ്ങളി
402¾	പിറമ്പൂർ	8 8		—		6 55	8 8	6 55	ൽനിന്നു ചിന്നപട്ടണത്തേക്കു
406¼	ചിന്നപട്ടണം . . .	8 30		5 35		7 15	8 30	7 15	നാം തരവും ഉണ്ടു.

വാം പട്ടിക.

വെങ്കളൂർ ചീനപ്പാത
വേപ്പൂരിൽനിന്നും മററും പുറപ്പെട്ടാൽ.

വേപ്പൂരിൽ നിന്നുള്ള ദൂരം.	പുകവണ്ടിസ്ഥാനങ്ങൾ; ചോലാപ്പേട്ട, കുപ്പം, കൊലാർറോട്ടു, മാല്യൂർ, കാട്ടുകോടി, വെങ്കളൂർ		ആഴ്ചതോറും			
			ഉ.	മു.	ഉ.	തി.
$274\frac{1}{4}$	ചോലാപ്പേട്ട . . .	വ. . . .	1	5	1	20
		പു. . . .	1	50	1	45
$358\frac{3}{4}$	വെങ്കളൂർ		7	0	6	30

*ഉ. മു.

നാം പട്ടിക.

രായിച്ചൂർ ചീനപ്പാത
വേപ്പൂരിൽനിന്നും മററും പുറപ്പെട്ടാൽ.

വേപ്പൂരിൽനിന്നുള്ള ദൂരം.	പുകവണ്ടിസ്ഥാനങ്ങൾ: അറകോണം, തിരുത്തണി, നകരി, പട്ടൂർ, പൂടി, തിരുപ്പതി, ക്രൂട്ടൂർ, രെട്ടിപള്ളി, രാജപ്പേട്ട, ഞാണലൂർ, ഒൻറിമെത്ത, കടപ്പ, കാമളപൂർ, ഏറങ്കന്നല, മൂത്തനൂർ മുതലായവ.		ആഴ്ച തോറും				ഞായറാഴ്ചയിലും	
			ഉ.	മു.	ഉ.	തി.	ഉ.	മു.
$363\frac{3}{4}$	അറകോണം . .	വ. . . .	6	15	2	40	—	
		പു.	9	30	2	55	5	40
			ഉ.	തി.	—			
405	തിരുപ്പതി . . .	വ. . . .	12	22	4	45	8	10
		പു. . .	12	45	4	40		
$482\frac{3}{4}$	കടപ്പ	വ. . . .	5	50	8	20		
		പു. . .	6 *	50	9	0		
			ഉ.	തി.	ഉ.	മു.		
$625\frac{3}{4}$	ബല്ലാരി . . .	വ. . . .	3	50	7	30	—	
$670\frac{3}{4}$	രായിച്ചൂർ . . .	വ. . . .	—		10	20	—	

ബൊമ്പായി ഇരിമ്പുപാതയോടു ചേർത്തിരിക്കുന്നു.

ബൊംബായി ഇരിമ്പുപാതയോടു ചേൎത്തിരിക്കുന്നു.

൪ാം പട്ടിക.

നേരെ തെക്കനിന്നുള്ള ഇരിമ്പു പാതയിൽ കൂടിയ പുകവണ്ടിവലികൾ.

തിരുച്ചിറാപ്പള്ളിയിൽനിന്നുള്ള ദൂരം	പുകവണ്ടിസ്ഥാനങ്ങൾ: കാരൂർ, തിരുച്ചിറാപ്പള്ളി, തിരുവാന്പൂർ, പൂതലൂർ, തഞ്ചാവൂർ, സാലിയമംഗലം, അമ്മാപ്പേട്ടൈ, നീടാമംഗലം, കൊരടാച്ചേരി, കളിക്കരൈ, തിരുവാളൂർ, കിവളൂർ ചിക്കൽ, നാഗപട്ടണം		ആഴ്ചതോറും (ഞായറാഴ്ചയിലും)		ഞായറാഴ്ചയും ആഴ്ചതോറും	
			ഉ.	തി.	ഉ.	മ.
	ഛരംരോട	പു. . . .	2	0	9	0
41	കാരൂർ		4	30	11	30
86	തിരുച്ചിറാപ്പള്ളി . . .	വ. . . .	7	0	1 †	53
		പു. . . .	6 *	30	2	15
119	തഞ്ചാവൂർ	വ. . . .	8	25	3	25
168	നാഗപട്ടണം		12 †	10	6	15

* ഉ. മ.
† ഉ. തി.

൫ാം പട്ടിക.

ആൎക്കോണത്തിൽനിന്നു കാഞ്ചിപുരത്തേക്കുള്ള ചീനപ്പാത.

			ആഴ്ചതോറും			
			൧, ൨, ൩ തരവും ചരക്കും			
			ഉ.	മ.	ഉ.	തി.
	ആൎക്കോണം	പു. . . .	9	15	5	30
$18\frac{3}{4}$	കാഞ്ചിപുരം	വ. . . .	10	45	7	0

എന്റെ കുഞ്ഞങ്ങളെ, നാം വചനത്തിൽ അല്ല, നാവിലുമല്ല; പ്രവൃത്തിയിലും സത്യത്തിലും തന്നെ സ്നേഹിക്കേണം ൧ യോഹ. ൩, ൧൮.

 യാചിപ്പിൻ എന്നാൽ നിങ്ങളുടെ സന്തോഷം നിറവാകും വണ്ണം ലഭിക്കും യോഹ. ൧൬, ൨൪.

൬ാം പട്ടിക.

ചേലം തൊട്ടു വേപ്പൂരോളം കിഴക്കു പടിഞ്ഞാററൻ ഇരിമ്പു പാതയിൽ കൂടിയപുകവണ്ടിവലികൾ പടിഞ്ഞാറോട്ടു പോയാൽ.

൭ാം പട്ടിക. പുക

ചേലം എന്ന

മദ്രാശിയിൽ നിന്നുള്ള ദൂരം	പുകവണ്ടി സ്ഥാനങ്ങൾ.	ആഴ്ചതോറും. ൧, ൨ തരം.		൧, ൨, ൩ തരം.		വേപ്പൂർ തൊട്ടു	യാത്ര ൩ാം തരം.	
		ഉ.	മു.	ഉ.	തി.		ഉ.	അ.
206¾	ചേലം . പു. .	6	30	5	0			
219¾	മക്ഡൊനൽ ചാവടി	—		5	30	ചിന്നപട്ടണം . .	38	3
230½	ശങ്കരദുൎഗ്ഗ് . .	7	50	6	7	അറകോണം . .	34	2
243	ഈരോട്ട . .	8	28	6	45	രായിച്ചൂർ . . .	48	8
		8	40	7	5	ആൎക്കാട്ട	32	1
252¼	പെരന്തുറി . .	9	10	7	35	വേലൂർ	30	11
266½	ഊത്തുകളി . .	9	53	8	17	ചോലാപ്പേട്ട . .	25	13
275	അവനാശി . .	10	28	8	45	ബെങ്കളൂർ . . .	33	9
286	സോമനൂർ . .	11	0	9	15	തിരുപ്പത്തൂർ . .	25	5
						ചേലം	18	12
301¾	കോയമ്പത്തൂർ വ.	11	50	10	0	മക്ഡൊനൽചാവടി.	17	9
		ഉ.	തി.	ഉ.	മു.	ശങ്കരദുൎഗ്ഗ് . . .	16	8
	പു. .	12	20	7	45	ഈരോട്ട . . .	15	5
						പെരന്തുറി . . .	14	7
308	മതുക്കരൈ . .	12	36	8	0	ഊത്തുകളി . . .	13	2
316½	വാളയാറു . .	1	6	8	31	അവനാശി . .	12	6
323½	കഞ്ചിക്കോട്ട. .	1	30	8	55	സോമനൂർ . . .	11	6
332	പാലക്കാട്ട വ. .	1	55	9	20	കോയമ്പത്തൂർ . .	9	14
	പു. .	2	0	9	25	മതുക്കരൈ . . .	9	5
337¾	പറളി . . .	2	18	9	43	വാളയാറു . . .	8	7
347	ലക്കടി , . .	2	48	10	13	കഞ്ചിക്കോട്ട . .	7	13
351½	ഒററപ്പാലം . .	3	5	10	30	പാലക്കാട്ട . . .	6	15
359½	ചെറുവണ്ണൂർ. .	3	30	10	58	പറളി	6	8
366¾	പട്ടാമ്പി . .	3	53	11	22	ലക്കടി	5	10
378¼	കററിപ്പുറം . .	4	27	11	54	ഒററപ്പാലം . .	5	3
				ഉ.	തി.	ചെറുവണ്ണൂർ . .	4	7
387½	തിരൂർ . വ. .	4	55	12	20	പട്ടാമ്പി	3	12
	പു. .	5	0	12	25	കററിപ്പുറം . . .	2	10
392½	താനിയൂർ . .	5	15	12	42	തിരൂർ	1	13
397½	പരപ്പനങ്ങാടി .	5	30	1	0	താനിയൂർ . .	1	5
406¼	വേപ്പൂർ . . .	6	0	1	30	പരപ്പനങ്ങാടി .	0	14

വണ്ടിക്കൂലി കേവു നറക്കു.

ഉ.=ഉറുപ്പിക. അ.=അണ. ൧ ഉറുപ്പിക=൧൬ അണ. ൧ അണ =൪ മുക്കാൽ, ൮ പുത്തൻ, ൮ തുട്ടു. ൬ കാശു. ൧ അണ=൧൨ പൈ ൧ പൈ=11 കാശു.

പുകവണ്ടി സ്ഥാനത്തിനായിട്ടേ വേപ്പൂരിൽ ചീട്ടു കൊടുക്കപ്പെട്ടു.

ക്കാരുടെ കൂലി				പല്ലക്ക		നായി		കുതിരകൾ				വണ്ടികൾ			
൧ാം തരം		൨ാം തരം		ഒന്നിന്നു		ഒന്നിന്നു		ഒററക്കുതിര		ഒരാളുടെ വസ്തു ആയാൽ ൨ കുതിരകൾ		നാലു ചക്രങ്ങൾ		രണ്ടു ചക്രങ്ങൾ	
ഉ.	അ.	ഉ.	അ.	ഉ.	അ.	ഉ.	അ.	ഉ.	അ.	ഉ.	അ.	ഉ.	അ.	ഉ.	അ.
10	9	6	6	25	7	3	4	38	3	57	4	63	10	38	3
9	7	5	11	22	12	3	0	34	2	51	3	56	14	34	2
13	7	9	1	32	5	4	12	63	0	94	8	105	0	63	0
8	14	5	6	21	6	2	12	32	0	47	15	53	5	32	0
8	8	5	2	20	7	2	12	30	9	45	14	50	15	30	9
7	2	4	5	17	3	2	8	25	13	38	11	43	0	25	13
9	5	5	10	22	7	3	0	33	11	50	8	56	2	33	11
7	0	4	4	16	14	2	8	25	5	38	0	42	3	25	5
5	3	3	2	12	8	1	8	18	12	28	2	31	4	18	12
4	14	2	15	—		—		—		—		—		—	
4	9	2	12	11	0	1	8	—		—		—		—	
4	4	2	9	10	3	1	8	15	5	22	15	25	8	15	5
4	0	2	7	—		—		—		—		—		—	
3	10	2	3	—		—		—		—		—		—	
3	7	2	1	8	4	1	4	12	6	18	9	20	10	12	6
3	2	1	14	—		—		—		—		—		—	
2	3	1	10	6	9	1	4	9	14	14	12	16	7	9	14
2	1	1	9	—		—		—		—		—		—	
1	14	1	7	—		—		—		—		—		—	
1	12	1	5	—		—		—		—		—		—	
1	9	1	3	4	10	1	0	6	15	10	7	11	9	6	15
1	7	1	1	—		—		—		—		—		—	
1	4	0	15	—		—		—		—		—		—	
1	2	0	14	3	7	1	0	5	3	7	12	8	10	5	3
1	0	0	12	2	15	0	8	4	7	6	10	7	6	4	7
0	13	0	10	—		—		—		—		—		—	
0	9	0	7	—		—		—		—		—		—	
0	6	0	5	2	0	0	8	3	0	3	0	5	0	3	0
0	5	0	4	—		—		—		—		—		—	
0	3	0	2	—		—		—		—		—		—	

കുതിരകളും വണ്ടികളും. മദ്രാശിയിലല്ലാതെ മററെ പുകവണ്ടിസ്ഥാനങ്ങളിൽ രോടറിയിച്ചു, വലി പുറപ്പെടുന്നതിന്നു III മണിക്കൂർ മുമ്പെ ഒരുങ്ങി നില്ക്കേണം. (കയ

കുതിരക്കാരൻ. ഓരോ കുതിരയുടെ ഒന്നിച്ചു ഓരോ കുതിരക്കാരന്നു കൂലി കൂടാതെ

നായ്ക്കൾ. യാത്രക്കാർ എത്ര പണം കൊടുത്തിട്ടും, നായ്ക്കളെ തങ്ങൾ ഏറുന്ന വണ്ടിയിൽ കൂടാതെ എത്തിക്കേണ്ടതിന്നു ഓരോ നായ്ക്കു ചങ്ങലയും വായ്പൂട്ടും വേണം.

൮ാം പട്ടിക.

കെട്ടുകൾക്കുള്ള കേവു നറക്ക.

൨൫൦ റാത്തലിൽ തൂക്കം ഏറുന്ന കെട്ടുകൾക്കും ൦ാം പട്ടികയിൽ കാണിച്ച പ്രകാരം കേവു കയറുന്നു.	൧ റാത്തൽ തൊട്ടു ൧൦ റാത്തൽ വരേ	൧൦ തൊട്ടു ൨൦ റാത്തൽ വരേ	൨൦ തൊട്ടു ൪൦ റാത്തൽ വരേ	൪൦ തൊട്ടു ൮൦ റാത്തൽ വരേ	൮൦ തൊട്ടു ൧൦൦ റാത്തൽ വരേ	൧൦൦ തൊട്ടു ൧൨൫ റാത്തൽ വരേ	൧൨൫ തൊട്ടു ൧൫൦ റാത്തൽ വരേ	൧൫൦ തൊട്ടു ൨൦൦ റാത്തൽ വരേ	൨൦൦ തൊട്ടു ൨൫൦ റാത്തൽ വരേ
ദൂരം	കേവു	കേവു	കേവു	കേവു	കേവു	കേവു	കേവു	കേവു	കേവു
	ഉറുപ്പിക അണ	ഉറുപ്പിക അണ	ഉറുപ്പിക അണ	ഉറുപ്പിക അണ	ഉറുപ്പിക അണ	ഉറുപ്പിക അണ	ഉറുപ്പിക അണ	ഉറുപ്പിക അണ	ഉറുപ്പിക അണ
൧ മൈൽ തൊട്ടു ൫൦ മൈൽസ വരേ	0 4	0 6	0 8	0 12	1 2	1 8	1 14	2 4	2 10
൫൧ ,, ൧൦൦ ,,	0 6	0 9	0 12	1 2	1 10	2 2	2 10	3 2	3 10
൧൦൧ ,, ൨൦൦ ,,	0 8	0 12	1 0	1 8	2 2	2 12	3 6	4 0	4 10
൨൦൧ ,, ൩൦൦ ,,	0 10	0 15	1 4	1 14	2 10	3 6	4 2	4 14	5 10
൩൦൧ ,, ൪൦൦ ,,	0 12	1 2	1 8	2 4	3 2	4 0	4 14	5 12	6 10
൪൦൧ ,, ൫൦൦ ,,	1 4	1 5	1 12	2 10	3 10	4 10	5 10	6 10	7 10

കുതിരയൊ വണ്ടിയൊ കയററുവാൻ മനസ്സുണ്ടെങ്കിൽ ഒരു നാൾ മുമ്പുട്ടി സ്റ്റേഷന്മാസ്റ്റരോ
ററി കിഴിക്കുന്നതിൽ ഉണ്ടാകുന്ന ചേതം മുതലാളി സഹിക്കേണം.)
കയറി നില്ക്കാം.
കയററിക്കൂടാ. വേറിട്ടുള്ള നായ്ക്കൂട്ടിൽ നായ്ക്കളെ പൂട്ടിവെക്കാറുണ്ടു, എന്നാൽ അവ കേട്ടു

നീക്കട്ട (ഐസ്സ്) മീൻ പച്ചക്കറികൾക്കുള്ള കേവു പട്ടിക.

൨൫൦ റാത്തലിൽ തൂക്കം ഏറുന്ന കെട്ടുകൾക്കും ൯ം പട്ടികയിൽ കാണിച്ചപ്രകാരം കേവു കയറുന്നു.	൧ റാത്തൽ തൊട്ടു ൧൦ റാത്തൽ വരേ		൧൦ തൊട്ടു ൨൦ റാത്തൽ വരേ		൨൦ തൊട്ടു ൪൦ റാത്തൽ വരേ		൪൦ തൊട്ടു ൬൦ റാത്തൽ വരേ		൬൦ തൊട്ടു ൧൦൦ റാത്തൽ വരേ		൧൦൦ തൊട്ടു ൧൨൫ റാത്തൽ വരേ		൧൨൫ തൊട്ടു ൧൫൦ റാത്തൽ വരേ		൧൫൦ തൊട്ടു ൨൦൦ റാത്തൽ വരേ		൨൦൦ തൊട്ടു ൨൫൦ റാത്തൽ വരേ	
ദൂരം	കേവു		കേവു		കേവു		കേവു		കേവു		കേവു		കേവു		കേവു		കേവു	
	ഉറുപ്പിക	അണ	ഉറുപ്പിക	അണ	ഉറുപ്പിക	അണ	ഉറുപ്പിക	അണ	ഉറുപ്പിക	അണ	ഉറുപ്പിക	അണ	ഉറുപ്പിക	അണ	ഉറുപ്പിക	അണ	ഉറുപ്പിക	അണ
൧ മൈൽ തൊട്ടു ൫൦ മൈൽസ് വരേ	0	3	0	5	0	6	0	9	0	12	0	15	1	2	1	8	2	0
൫൧ ” ൧൦൦ ”	0	5	0	6	0	8	0	12	0	15	1	2	1	5	1	14	2	7
൧൦൧ ” ൨൦൦ ”	0	8	0	9	0	12	1	2	1	4	1	7	1	10	2	7	3	0
൨൦൧ ” ൩൦൦ ”	0	9	0	12	0	15	1	5	1	8	1	11	1	14	3	0	3	11
൩൦൧ ” ൪൦൦ ”	0	10	0	15	1	2	1	8	1	13	2	0	2	3	3	9	4	4
൪൦൧ ” ൫൦൦ ”	0	12	1	2	1	5	1	11	2	1	2	4	2	7	4	2	4	11

☞ ഓരോ കെട്ടു നല്ലവണ്ണം കെട്ടി, ഇങ്ക്ലീഷിൽ തെളിവായ മേൽവിലാസം എഴുതി, കയററുന്ന ഇടത്തു കേവു മുമ്പിൽ കൂട്ടി കൊടുക്കേണം. വലി പുറപ്പെടുന്നതിന്നു II മണിക്കൂറു മുമ്പേ കെട്ടുകളെ തൂക്കി കണക്കിൽ ചേർപ്പാൻ വേണ്ടി അതാത പുക വണ്ടിസ്ഥാനങ്ങളിൽ ഏല്പിക്കാഞ്ഞാൽ, നിശ്ചയിച്ച വലിയിൽ കയററിക്കൂടാതേ പോകും.

എൻ മകനെ നിന്റെ ഹൃദയം എനിക്കു തരിക.
സുഭാ. ൨൩, ൨൬.

മദ്യപാനവൃക്ഷഫലവർണ്ണനം.

മദ്യ
പാനപാ
പത്താൽ ബുദ്ധി
ക്ഷയിക്കയും, അറിവു നശി
ക്കയും, ബലം കുറകയും, ശരീരം
രോഗപ്പെടുകയും, സൌന്ദൎയ്യം കെടുകയും,
രക്തം ദുഷിക്കയും, കരള കത്തുകയും, തലച്ചോർ
ദ്രവിക്കയും, ദീനപ്പുരകൾ നിറകയും, അക
മെയും പുറമെയും മുറിവുകളും ഉണ്ടാകും. ഇന്ദ്രിയ
ങ്ങൾക്ക് അത് മന്ത്രവാദിനിയും, ദേഹിക്ക്
വഞ്ചകനും, പണസ്സഞ്ചിക്ക് തസ്കരനും, ഇരപ്പാളി
ക്കു സഖിയും ആക്കി ചമക്കുന്നത് കൂടാതെ
മററുള്ളവൎക്കു ആരോഗ്യം ചൊല്ലി
കൊണ്ടു സല്ക്കതിപാനം ചെ
യ്യുന്നവൻ തന്റെ
ത് കവൎന്നു
സ്വഘാത
കനും മൃഗ
പ്രായനുമാ
യി ചമയു
ന്നു സത്യം.
ജഡത്തിൽ
ഈ വിത്തി
നെ വിതെ
ക്കുന്നവൻ
തല്ക്കാലത്തി
ലും ഭാവിയിലും നാ
ശത്തെ കൊയ്യുമെന്നറിക.
മദ്യപാനപാപത്തിന്റെ
കൂലിയും മരണം തന്നെ.

പെരുനാളുകളുടെ വിവരം.

൧. ക്രിസ്ത്യപെരുനാളുകൾ.

ആണ്ടുപിറപ്പു	ജനുവരി	൧	ധനു	൧൮
പ്രകാശനദിനം	„	൬	„	൨൩
സപ്തതിദിനം	„	൨൮	മകരം	൧൬
നോമ്പിന്റെ ആരംഭം	ഫിബ്രുവരി	൧൪	കുംഭം	൩
നഗരപ്രവേശനം	മാൎച്ച്	൨൪	മീനം	൧൩
ക്രൂശാരോഹണം	„	൨൯	„	൧൮
പുനരുത്ഥാനനാൾ	„	൩൧	„	൨൦
സ്വൎഗ്ഗാരോഹണം	മെയി	൯	മേടം	൨൮
പെന്തകൊസ്തുനാൾ	„	൧൯	എടവം	൭
ഇങ്ക്ലിഷരാജ്ഞി ജനിച്ച നാൾ	„	൨൪	„	൧൨
ത്രിത്വനാൾ	„	൨൬	„	൧൪
യോഹന്നാൻ സ്നാപകൻ	ജ്രൂൻ	൨൪	മിഥുനം	൧൨
അന്ത്രയൻ	നവെംബർ	൩൦	വൃശ്ചികം	൧൬
ഒന്നാം ആഗമനനാൾ	ഡിസെംബർ	൧	„	൧൭
ക്രിസ്തുൻ ജനിച്ച നാൾ	„	൨൫	ധനു	൧൨
സ്തെഫാൻ	„	൨൬	„	൧൩
യോഹന്നാൻ സുവിശേഷകൻ	„	൨൭	„	൧൪

൨. ഹിന്തുക്കളുടെ പെരുനാളുകൾ.

വിഷു	മീനം	൩൧	എപ്രിൽ	൧൧
പിതൃകൎമ്മം	കൎക്കിടകം	൨൦	അഗുസ്തു	൩
തിരുവോണം	ചിങ്ങം	൩൧	സെപ്ത.	൧൪
ആയില്യം, മകം	കന്നി	൧൪, ൧൫	„	൨൮, ൨൯

൩. മുഹമ്മദീയ പെരുനാളുകൾ.

ബറാത്ത	ശബ്ബാൽ	൧൫	ഡിസെംബർ	൧൫
ഹജി പെരുനാൾ	ദുല്ഹജി	൧൫	ഫിബ്രുവരി	൨൪
മുഹരം	മുഹരം	൧	മാൎച്ച്	൧൦
ചെറിയ പെരുനാൾ	റമുള്ളാൻ	൩൦	നവെംബർ	൩൦

നീതിമാൻ ദുഃഖേന രക്ഷപ്പെടുന്നു എങ്കിൽ അഭക്തനും പാപിയും
എവിടെ കാണപ്പെടും. ൧ പേത്രു. ൪, ൧൮.

LIST OF MALAYALAM BOOKS.

മലയാള പുസ്തകങ്ങളുടെ പട്ടിക.

	ഉ.	അ.	പൈ.
The Malayalam Almanac മലയാള പഞ്ചാംഗം	0	3	0
Arithmetic സംഖ്യാവിദ്യ	0	3	0
Malayalam & English School-Dictionary മലയാള ഇങ്ക്ലിഷ അകാരാദി	2	0	0
English & Malayalam School-Dictionary ഇങ്ക്ലിഷ് മലയാള „	2	0	0
Clift's Geography, ഭൂമിശാസ്ത്രം	0	6	0
Elements of English Grammar ഇങ്ക്ലിഷ വ്യാകരണം	0	3	6
Dr. Gundert's Grammar of the Malayalam Language മലയാള ഭാഷാ വ്യാകരണം	1	8	0
Kérala Parama, or the History of Malabar, from A. D. 1498—1631 കേരളപഴമ	0	8	0
The History of the Church of Christ ക്രിസ്തുസഭാചരിത്രം	1	0	0
Geometry ക്ഷേത്രഗണിതം	0	6	0
Kéralólpatti, or the Origin of Malabar കേരളോല്പത്തി	0	4	0
The Malayalam Country, its Geography, &c. മലയാളരാജ്യം ചരിത്രത്തോടു കൂടിയ ഭൂമിശാസ്ത്രം	0	4	0
School-Panchatantram പഞ്ചതന്ത്രം	0	12	0
Malayalam Primer ബോധചന്ദ്രിക	0	1	0
One Thousand Proverbs ഒരു ആയിരം പഴഞ്ചൊൽ	0	2	0
Spelling & Reading Book വലിയ പാഠാരംഭം	0	2	0
First Malayalam Translator, with a Vocabulary	0	4	0
Malayalam-English Translator മലയാള ഭാഷാന്തരകാരി	0	6	0
A Chronological Digest of the History of India ഇന്ത്യ ചരിത്രത്തിന്റെ സാരാംശം	0	3	0
A Short Account of the Madras Presidency മദ്രാസസംസ്ഥാനം	0	3	0
Africaner അഫ്രിക്കാനെറ കഥ	0	0	6
The Art of dying happy സന്മരണവിദ്യ	0	0	4
On Bribery കയ്ക്കൂലികാര്യം	0	0	3
First Catechism ലുഥരിന്റെ ചെറിയ ചോദ്യോത്തരങ്ങളുടെ പുസ്തകം	0	0	6
Second Catechism for Confirmation സ്ഥിരീകരണത്തിന്നുള്ള ഉപദേശം	0	0	6
The Incarnation of Christ, Prose ക്രിസ്തന്റെ അവതാരം	0	0	2
Do. do. Native Metre ക്രിസ്താവതാരപാട്ട്	0	0	3

	ഉ.	അ.	പൈ.
Rules for the Congregations സഭാക്രമം	0	1	0
The True Cross മെയ്യാന്ന ക്രൂശ്	0	0	9
J. B. Dasalu യോഹാൻ ബപ്തിസ്തു ദസലു എന്ന ഒരു കാഫ്രിയുടെ ജീവിതം	0	0	8
The Diamond Needle വജ്രസൂചി	0	0	6
Instruction in Divine Truth സത്യോപദേശം	0	0	2
Doctrines of the Christian Religion, by Kurz ക്രിസ്തുമാൎഗ്ഗത്തിന്റെ ഉപദേശസംഗ്രഹം.	0	1	0
On Hindu Gods ദേവവിചാരണ	0	1	0
Gospel Songs, Part I. മൈമാൎഗ്ഗപാനം ഒന്നാം അംശം.	0	0	6
„ „ „ II. „ രണ്ടാം അംശം	0	0	6
General Havelock പടനായകനായ ഹവലൊൿ സാഹിബിന്റെ ജീവചരിത്രം	0	0	8
The Heart Book മാനുഷഹൃദയം	0	2	0
Little Henry and his Bearer ഹെന്റ്രി ബൂസി എന്നവരുടെ കഥ. .	0	0	6
Hinduism and Christianity വിഗ്രഹാരാധനവും ക്രിസ്തീയധൎമ്മവും.	0	4	0
Sacred History, by Kurz പവിത്രചരിത്രം	0	8	0
Bible History 1—5 സത്യവേദ ഇതിഹാസം ൫ാം ഭാഗം	0	3	0
Bible History സത്യവേദചരിത്രസാരം ഒന്നാം അംശം.	0	0	3
Hymn-Book ക്രിസ്തീയ ഗീതങ്ങൾ.	0	8	0
On the Lord's Prayer ആത്മാവും ദൈവവുമായിട്ടുള്ള സംഭാഷണം .	0	0	2
History of Mahomed മുഹമ്മദ് ചരിത്രം	0	0	3
Mahomed and Jesus compared മുഹമ്മദോ ഈസാനബിയൊ ആരു വലിയവൻ?.	0	0	3
Truth and Error in Nala's History നളചരിതസാരശോധന . .	0	1	0
The Pilgrim's Progress സഞ്ചാരിയുടെ പ്രയാണം	0	4	0
The Pilgrim's Progress, abridged സഞ്ചാരിയുടെ പ്രയാണചരിത്രച്ചുരുക്കം.	0	0	4
History of Polycarp.	0	0	4
Prayers ഈരേഴ പ്രാൎത്ഥനകളും നൂറു വേദധ്യാനങ്ങളുമായ നിധിനിധാനം	0	2	0
The Psalms സങ്കീൎത്തനം	0	1	0
The Reformation in Germany ഗൎമ്മന്യരാജ്യത്തിലെ ക്രിസ്തുസഭാനവീകരണം.	0	1	6
On Religion മതവിചാരണ	0	0	6
The Way of Righteousness നീതിമാൎഗ്ഗം	0	0	3
The Way of Salvation രക്ഷാമാൎഗ്ഗം.	0	0	4
A Selection of Scripture Passages സത്യവിശ്വാസത്തെ കുറിച്ചുള്ള വാക്യങ്ങൾ	0	1	0
The Fruits of Sin പാപഫലപ്രകാശനം.	0	0	4
The Good Shepherd, Prose നല്ല ഇടയന്റെ അന്വേഷണചരിത്രം .	0	0	3
Do do. Native Metre ഇടയചരിത്രഗീതം.	0	0	2

പിതാവെ നിന്റെ മുമ്പിലും ദൈവത്തിന്റെ മുമ്പിലും ഞാൻ
പാപം ചെയ്തു. ലൂക്ക. ൧൫, ൨൧.

	ഉ.	അ.	പൈ.
Bible Songs പൂൎവ്വമൈമാൎഗ്ഗപ്പാന	0	0	3
Short Bible Stories സംക്ഷേപിച്ച സത്യവേദകഥകൾ	0	0	6
Bible Stories, I. Part, Old Testament സത്യവേദകഥകൾ ഒന്നാം ഖണ്ഡം	0	2	6
Bible Stories, II. Part, New Testament സത്യവേദകഥകൾ രണ്ടാം ഖണ്ഡം	0	2	6
The New Testament പുതിയ നിയമം	0	8	0
The Sure Way മാൎഗ്ഗനിശ്ചയം	0	0	3
Life of the Rev. S. Hebich ശമുവേൽ ഹെബിക് സായ്പിന്റെ ജീവചരിത്ര സംക്ഷേപം	0	0	4
What is Truth? സത്യം എന്ത്	0	0	3
The Birth of Christ ക്രിസ്തന്റെ ജനനം	0	0	1
The Lost Sheep, the Piece of Silver, and the Prodigal Son നഷ്ടമായ ആടും, കാണാതെപോയ വെള്ളിയും, മുടിയനായ പുത്രനും	0	0	1
On Fate വിധിവിചാരണ	0	0	4
The Sufferings of Christ കഷ്ടാനുഭവചരിത്രം	0	0	3
The Good Teacher സൽഗുരു	0	0	3
The Sermon on the Mount പൎവ്വതപ്രസംഗം	0	0	2
The best Choice ഉത്തമതിരിവു	0	0	4
The true Light സുപ്രകാശം	0	0	4
Twelve Psalms in Sanscrit ദായൂദരാജേന കൃതാനി ഗീതാനി	0	0	6
The Way of Righteousness നീതിമാൎഗ്ഗം	0	0	3
Scripture Sentences വേദൊക്തങ്ങൾ	0	0	6
ധൎമ്മസംബന്ധമായ ചിലവുകൊണ്ടു സ്വാതന്ത്ര്യം വരുമാറാകേണ്ടുന്ന ഉപായം	gratis		

☞ To be had at the Mission Book and Tract Depository at ***Mangalore*** and at all the ***Stations*** of the Basel German Mission of ***Malabar.***

ഈ പുസ്തകങ്ങൾ മംഗലപുരത്തിലെ മിശിയൻ ബുക്കുശാപ്പിലും, മലയാളദേശത്തിലുള്ള ബാസൽ ജൎമ്മൻമിശിയനു ചേൎന്ന എല്ലാ സ്ഥലങ്ങളിലും കിട്ടും.

28, 29, 30, 31 ദിവസങ്ങൾ ഉള്ള പ്രതി മാസത്തിന്ന 1 ഉറുപ്പിക മുതൽ ൫൦൦ ഉറുപ്പികവരെ ശമ്പളം ഉള്ളവക്ക പ്രതി ഓരൊ ദിവസത്തിന്ന എത്ര ഉറുപ്പിക എത്ര അണ എത്ര പൈ വീഴം എന്ന കാണിക്കുന്ന പട്ടിക.

മാസത്തിന്റെ ശമ്പളം	28 ദിവസങ്ങൾ ഉള്ള മാസം			29 ദിവസങ്ങൾ ഉള്ള മാസം			30 ദിവസങ്ങൾ ഉള്ള മാസം			31 ദിവസങ്ങൾ ഉള്ള മാസം		
ഉറുപ്പിക	ഉ.	അ.	പൈ.	ഉ.	അ.	പൈ.	ഉ.	അ.	പൈ.	ഉ.	അ.	പൈ.
1	0	0	7	0	0	7	0	0	6	0	0	6
2	0	1	2	0	1	1	0	1	1	0	1	0
3	0	1	9	0	1	8	0	1	7	0	1	7
4	0	2	3	0	2	2	0	2	2	0	2	1
5	0	2	10	0	2	9	0	2	8	0	2	7
6	0	3	5	0	3	4	0	3	2	0	3	1
7	0	4	0	0	3	10	0	3	9	0	3	7
8	0	4	7	0	4	5	0	4	3	0	4	2
9	0	5	2	0	5	0	0	4	10	0	4	8
10	0	5	9	0	5	6	0	5	4	0	5	2
11	0	6	3	0	6	1	0	5	10	0	5	8
12	0	6	10	0	6	7	0	6	5	0	6	2
13	0	7	5	0	7	2	0	6	11	0	6	9
14	0	8	0	0	7	9	0	7	6	0	7	3
15	0	8	7	0	8	3	0	8	0	0	7	9
16	0	9	2	0	8	10	0	8	6	0	8	3
17	0	9	9	0	9	5	0	9	1	0	8	9
18	0	10	3	0	9	11	0	9	7	0	9	3
19	0	10	10	0	10	6	0	10	2	0	9	10
20	0	11	5	0	11	0	0	10	8	0	10	4
21	0	12	0	0	11	7	0	11	2	0	10	10
22	0	12	7	0	12	2	0	11	9	0	11	4
23	0	13	2	0	12	8	0	12	3	0	11	10
24	0	13	9	0	13	3	0	12	10	0	12	5
25	0	14	3	0	13	10	0	13	4	0	12	11
26	0	14	10	0	14	4	0	13	10	0	13	5
27	0	15	5	0	14	11	0	14	5	0	13	11
28	1	0	0	0	15	5	0	14	11	0	14	5
29	1	0	7	1	0	0	0	15	6	0	15	0
30	1	1	2	1	0	7	1	0	0	0	15	6
35	1	4	0	1	3	4	1	2	8	1	2	1
40	1	6	10	1	6	1	1	5	4	1	4	7
45	1	9	9	1	8	10	1	8	0	1	7	8
50	1	12	7	1	11	7	1	10	8	1	9	10
100	3	9	2	3	7	2	3	5	4	3	3	7
200	7	2	3	6	14	4	6	10	8	6	7	3
300	10	11	5	10	5	6	10	0	0	9	10	10
400	14	4	7	13	12	8	13	5	4	12	14	5
500	17	13	9	17	3	10	16	10	3	16	2	1

he

n Almanac

72.

ഞ്ചാംഗം

രെ.

[illegible] — [illegible].
[illegible] — [illegible].
[illegible] — [illegible].
[illegible] — [illegible].
[illegible] — [illegible].
[illegible] — [illegible].

GALORE:
THER, BASEL MISSION PRESS.